Std-7

Unit-1






സൗമ്യേന്ദ്രൻ കണ്ണംവെള്ളി
ഗവ. ട്രൈബൽ യു. പി. സ്കൂൾ, കണ്ണവം

നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള കറൻസി നോട്ടുകൾ ഏതൊക്കെ?

നോട്ടുകളിൽ പൈതൃക കേന്ദ്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഏതൊക്കെയാണവ?

ഊഹം രേഖപ്പെടുത്തൽ



भारतीय रिज़र्व बैंक
RESERVE BANK OF INDIA
00F★512267
₹10
00F★512267
₹10
RESERVE BANK OF INDIA
₹10


भारतीय रिज़र्व बैंक
बीस रुपये
RESERVE BANK OF INDIA
000 000000
₹20
000 000000
₹20
RESERVE BANK OF INDIA
TWENTY RUPEES
₹20
₹20


RESERVE BANK OF INDIA
OCV 816355
₹50
OCV 816355
₹50
RESERVE BANK OF INDIA
FIFTY RUPEES
₹50



भारतीय रिज़र्व बैंक
एक सौ रुपये
केन्द्रीय सरकार द्वारा प्रत्याभूत
RESERVE BANK OF INDIA
GUARANTEED BY THE CENTRAL GOVERNMENT
9LW*538121
मैं धारक को एक सौ रुपये अदा करने का वचन देता हूँ।
गवर्नर
I PROMISE TO PAY THE BEARER THE SUM OF ONE HUNDRED RUPEES
GOVERNOR
₹१००
₹100
महात्मा गांधी
MAHATMA GANDHI
सत्यमेव जयते
9LW*538121
₹100
RESERVE BANK OF INDIA
ONE HUNDRED RUPEES
₹१००
2018
एक सौ रुपये
स्वच्छ भारत
एक कदम स्वच्छता की ओर
भारतीय रिज़र्व बैंक
रानी की वाव RANI KI VAV
₹100


भारतीय रिज़र्व बैंक
केन्द्रीय सरकार द्वारा प्रत्याभूत
दो सौ रुपये
RESERVE BANK OF INDIA
GUARANTEED BY THE CENTRAL GOVERNMENT
0AA 000000
मैं धारक को दो सौ रुपये अदा करने का वचन देता हूं ।
I PROMISE TO PAY THE BEARER THE SUM OF TWO HUNDRED RUPEES
GOVERNOR
₹200
महात्मा गांधी
MAHATMA GANDHI
0AA 000000
SPECIMEN 0031
₹200
RESERVE BANK OF INDIA
TWO HUNDRED RUPEES
₹२००
2017
दो सौ रुपये
स्वच्छ भारत
एक कदम स्वच्छता की ओर
भारतीय रिज़र्व बैंक
सांची स्तूप
SANCHI STUPA
₹200



भारतीय रिज़र्व बैंक
पाँच सौ रुपये
RESERVE BANK OF INDIA
GUARANTEED BY THE CENTRAL GOVERNMENT
0AB 091001
₹500
I PROMISE TO PAY THE BEARER THE SUM OF FIVE HUNDRED RUPEES
GOVERNOR
MAHATMA GANDHI
₹500
RESERVE BANK OF INDIA
FIVE HUNDRED RUPEES
2016
पाँच सौ रुपये
स्वच्छ भारत
एक कदम स्वच्छता की ओर
भारतीय रिज़र्व बैंक
लाल किला RED FORT
₹500

| കറൻസി നോട്ടുകൾ | ആലേഖനം ചെയ്തിട്ടുള്ള സ്മാരകങ്ങളുടെ ചിത്രങ്ങൾ | സ്മാരകങ്ങളുടെ പേര് |
|---|---|---|
|  |  | |
|  |  | |
|  |  | |
|  |  | |
|  |  | |
|  |  | |

| കറൻസി നോട്ടുകൾ | ആലേഖനം ചെയ്തിട്ടുള്ള സ്മാരകങ്ങളുടെ ചിത്രങ്ങൾ | സ്മാരകങ്ങളുടെ പേര് |
| --- | --- | --- |
|  |  | കൊണാർക്കിലെ സൂര്യക്ഷേത്രം |
|  |  | എല്ലോറ ഗുഹകൾ |
|  |  | ഹമ്പി |
|  |  | റാണി കി വാവ് |
|  |  | സാഞ്ചിസ്തൂപം |
|  |  | ചെങ്കോട്ട |


# ഓർമയിൽ സൂക്ഷിക്കാം

നമ്മുടെ രാജ്യത്ത് ഒരു രൂപ ഒഴികെയുള്ള കറൻസി നോട്ടുകൾ അച്ചടിച്ചിറക്കാനുള്ള അധികാരം ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ആയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കാണ്



ഈ സ്മാരകങ്ങൾ ഏത് സംസ്ഥാനങ്ങളിൽ?
മാപ്പിൽ അടയാളപ്പെടുത്തൂ........




6
4
5
2
1
3
1. കൊണാർക്കിലെ സൂര്യ ക്ഷേത്രം
(ഒഡീഷ)
2. എല്ലോറ ഗുഹകൾ(മഹാരാഷ്ട്ര)
3.ഹമ്പി(കർണ്ണാടക)
4. റാണി കി വാവ്(ഗുജറാത്ത്)
5. സാഞ്ചിയിലെ സ്തൂപം(മധ്യപ്രദേശ്)
6. ചെങ്കോട്ട(ഡൽഹി)

# എല്ലോറ ഗുഹകൾ

*മഹാരാഷ്ട്രയിലെ ഔറംഗാബാദ് ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

*യുനെസ്കോയുടെ (1983)ലോക പൈതൃക സ്ഥലമാണ് എല്ലോറ ഗുഹകൾ.

*600 -1000 സി. ഇ.കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടതെന്ന് കരുതുന്നു.

*കലാസൃഷ്ടികൾ ഉള്ള ലോകത്തിലെ ഏറ്റവും വലിയ പാറകൾ വെട്ടി മാറ്റിയ ഹിന്ദു ക്ഷേത്ര ഗുഹാസമുച്ചയങ്ങളിൽ ഒന്നാണിത്.

*നിരവധി ബുദ്ധ ജൈന 'ഗുഹകളും 'ഉൾപ്പെടുന്നു



# കൊണാർക്കിലെ സൂര്യക്ഷേത്രം

എഡി 1246 ൽ നിർമ്മാണം തുടങ്ങി.

ഒറീസ സംസ്ഥാനത്തിലെ പുരി ജില്ലയിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഈ ക്ഷേത്രം സ്ഥാനം പിടിച്ചിട്ടുണ്ട്.
കറുത്ത പഗോഡ എന്നും സൂര്യക്ഷേത്രം അറിയപ്പെടുന്നു.
പ്രഭാത പ്രദോഷ മധ്യാഹ്ന സൂര്യരശ്മികൾ പതിക്കുന്ന രീതിയിലാണ് 3 സൂര്യ ദേവരൂപങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.



# സാഞ്ചി സ്തൂപം



മധ്യപ്രദേശ് സംസ്ഥാനത്തിൽ ഭോപ്പാലിൽ നിന്നും 46 കിലോമീറ്റർ അകലെയുള്ള'സാഞ്ചി 'ഗ്രാമത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്.

ശ്രീബുദ്ധന്റെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിട്ടുണ്ട്.

അശോകചക്രവർത്തിയുടെ കാലത്താണ് ഇത് പണികഴിപ്പിച്ചത്.


# റാണി കീ വാവ്

*ഗുജറാത്തിലെ പാടനിൽ സ്ഥിതി ചെയ്യുന്ന ഒരു സ്റ്റെപ്പ് വെൽ (പടവ് കിണർ )ആണ് റാണി കീ വാവ്.
*2014ൽ യുനെസ്കോ ലോക പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചു.

*നിരവധി കൊത്തുപണികളോടു കൂടിയ ഈ മഹത് നിർമ്മിതിക്ക് ഏകദേശം 64 മീറ്റർ നീളവും 20 മീറ്റർ വീതിയും 27 മീറ്ററോളം ആഴവുമുണ്ട്.

*സോലംകി രാജവംശത്തിന്റെയോ ചാലൂക്യ രാജവംശത്തിന്റെയോ കാലഘട്ടത്തിലാണ് ഇത് നിർമ്മിക്കപ്പെട്ടതെന്ന് കരുതുന്നു.

*ഇന്ത്യയിലെ ഏറ്റവും പുതിയ 100 രൂപ നോട്ടിൽ പുതുതായി ഇടം പിടിച്ചു



## ഇന്ത്യയിലെ ലോകപൈതൃക കേന്ദ്രങ്ങൾ (2 SET COPY)

1. കാസിരംഗ
2. മാനസ്സ് ദേശീയോദ്യാനം
3. ബോധഗയയിലെ മഹാബോധിക്ഷേത്ര സമുച്ചയം
4. ഹുമയൂണിന്റെ ശവകുടീരം , ഡൽഹി
5. കുത്തബ് മിനാറും അതിന്റെ സ്മാരകങ്ങളും ഡൽഹി
6. റെഡ് ഫോർട്ട് കോംപ്ലക്സ്
7. ഗോവ ദേവാലയങ്ങൾ
8. ചമ്പാനർ-പാവഗഡ് ആർക്കിയോളജിക്കൽ പാർക്ക്
9. മലയോര തീവണ്ടിപ്പാത കാൽഷ - ഷിംല പാത
10. ഹംപിയിലെ സ്മാരകങ്ങൾ
11. പട്ടടക്കലിലെ സ്മാരകങ്ങളുടെ കൂട്ടം

12. സാഞ്ചിയിലെ ബുദ്ധസ്മാരകങ്ങൾ

13. ഭീംബേട്കയിലെ റോക്ക് ഷെൽട്ടറുകൾ

14. ഖജുരാഹോ ക്ഷേത്രങ്ങൾ

15. അജന്ത ഗുഹകൾ

16. ഛത്രപതി ശിവജി ടെർമിനൽ

17. എലിഫന്റ ഗുഹകൾ

18. എല്ലോറ ഗുഹകൾ

19. ഗുജറാത്തിലെ റാണി-കി-വാവ്

20. സൂര്യക്ഷേത്രം കൊണാർക്ക്

21. ധോളവീര

22. മുംബൈയിലെ വിക്ടോറിയൽ ആർട്ട്

23. അഹമ്മദാബാദ് നഗരം

24. രാജസ്ഥാനിലെ കോട്ടകൾ

25. ചോള ക്ഷേത്രങ്ങൾ

26. മഹാബലിപുരത്തെ സ്മാരകങ്ങൾ

27. മലയോര തീവണ്ടി പാത നീലഗിരി

28. ഫത്തേപൂർ സിക്രി

29. ആഗ്ര കോട്ട

30. താജ് മഹൽ

31 നന്ദാദേവി ദേശീയ ഉദ്യാനം

32. ഡാർജിലിങ്ങ് ഹിമാലയൻ റയിൽവേ

33. സുന്ദർബൻസ് നാഷണൽ പാർക്ക്

34. പശ്ചിമഘട്ടം

35. ജന്തർ മന്തർ , ജയ്പൂർ

36. കിയോലാഡിയോ നാഷണൽ പാർക്ക്

37. രാമപ്പക്ഷേത്രം

38. കേവൽദേവ് ദേശീയ ഉദ്യാനം

39. ലെ കൂർബസിയേയുടെ വാസ്തു നിർമ്മിതികൾ

40. ബിഹാറിലെ  നളന്ദ മഹാവിഹാരത്തിന്റെ പുരാവസ്തു സൈറ്റ്

ഇതിൽ നിങ്ങൾക്ക് പരിചയമുള്ളവ എന്തൊക്കെയാണ്?

ഇന്ത്യൻ കറൻസികളിൽ ആലേഖനം ചെയ്യപ്പെട്ട ചെങ്കോട്ട,ഹംപി എന്നിവ നിർമ്മിക്കപ്പെട്ട കാലഘട്ടത്തിൽ ഇന്ത്യയിൽ ഭരണം നടത്തിയ രാജവംശങ്ങളെ ക്കുറിച്ചാണ് നാം 'മധ്യകാല ഇന്ത്യ 'എന്ന യൂണിറ്റിൽ പഠിക്കുന്നത്.

മുഗൾ രാജവംശം ഉത്തരേന്ത്യയിലും വിജയനഗര രാജവംശം ദക്ഷിണേന്ത്യയിലുമാണ് ഭരണം നടത്തിയത്.

സി. ഇ.എട്ടാം നൂറ്റാണ്ടിനും സി.ഇ.പതിനെട്ടാം നൂറ്റാണ്ടിനും ഇടയിലുള്ള കാലഘട്ടം ഇന്ത്യാ ചരിത്രത്തിലെ മധ്യ കാലഘട്ടം എന്നാണ് അറിയപ്പെടുന്നത്

## തുടർപ്രവർത്തനം

ചെങ്കോട്ട, ഹംപി എന്നിവയുടെ വായനാകാർഡുകൾ തയ്യാറാക്കുക.

# ഹംപി

*പുരാതന വിജയനഗരസാമ്രാജ്യത്തിന്റെ തലസ്ഥാനം.

*കർണാടകയിലെ ബല്ലാരി ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

*എ. ഡി.1336 ൽ സ്ഥാപിച്ചു.

*പൈതൃക പട്ടികയിൽ ഇടംപിടിച്ച ചരിത്രസ്മാരകം.

*അവശിഷ്ടങ്ങളുടെ നഗരം എന്നറിയപ്പെടുന്നു



# ചെങ്കോട്ട



*2007ൽ ലോക പൈതൃക പട്ടികയിൽ ഇടം നേടിയ സ്മാരകം.

*മുഗൾ ഭരണാധികാരിയായ  ഷാജഹാൻ നിർമ്മിച്ചു.

- ലാൽഖിലാ എന്നറിയപ്പെടുന്ന ചുവന്ന മണൽക്കല്ലിൽ നിർമ്മിച്ച നിർമിതി.
- * ഡൽഹിയിൽ സ്ഥിതിചെയ്യുന്നു

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



**കാലഘട്ടം ( 1526-1530 )**

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



കാലഘട്ടം ( 1530-1540,1555-56 )

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



**കാലഘട്ടം ( 1556-1605 )**

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



**കാലഘട്ടം ( 1605-1627 )**

## ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



**കാലഘട്ടം ( 1628-1658 )**

ചിത്രത്തിൽ നൽകിയിരിക്കുന്ന ഭരണകർത്താക്കൾ ആരൊക്കെയാണെന്ന് പറയാമോ?



കാലഘട്ടം ( 1658-1707 )


മധ്യകാല ഇന്ത്യയിൽ ഭരണം നടത്തിയ രാജാക്കന്മാരാണ്.ഈ ഭരണാധികാരികളുടെ കാലത്താണ് ഡൽഹിയിൽ നിരവധി ചരിത്ര സ്മാരകങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്

# പേജ് 8 മുഗൾ ഭരണം വായന

മുഗൾ ഭരണം സ്ഥാപിച്ചതാര്?

## പ്രധാനപ്പെട്ട മുഗൾ ഭരണാധികാരികൾ ആരൊക്കെ?

## നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ



# ബാബർ (1526-1530)



# ഹുമയൂൺ (1530-1540) ,(1555-1556)



# അക്ബർ (1556-1605)



# ജഹാംഗീർ (1605-1627)



# ഷാജഹാൻ (1628-1658)



# ഔറംഗസേബ് (1658-1707)



# മൊഴിമുത്തുകൾ

കവികൾക്കിടയിൽ ഷേക്സ്പിയർ എങ്ങനെ ആയിരുന്നുവോ അതുപോലെയായിരുന്നു രാജാക്കന്മാർക്കിടയിൽ അക്ബർ

-സർ. വില്യം സ്ലീമാർ

| | |
|---|---|
| **ബാബർ** (1483 - 1530) | പൂർണ്ണനാമം സഹിറുദ്ദീൻ മുഹമ്മദ്<br>ബാബർ എന്ന പദത്തിന്റെ അർത്ഥം സിംഹം<br>മുഗൾ രാജവംശ സ്ഥാപകൻ<br>ഓർമ്മക്കുറിപ്പ് തുസുക്-ഇ-ബാബറി |
| **ഹുമയൂൺ** (1508 - 1556) | പൂർണ്ണനാമം നാസിർ അൽ-ദിൻ മുഹമ്മദ്<br>ഹുമയൂൺ എന്ന വാക്കിന്റെ അർത്ഥം ഭാഗ്യവാൻ<br>മുഗൾ രാജവംശത്തിലെ രണ്ടാമത്തെ ഭരണാധികാരി |
| **അക്ബർ** (1542 - 1605) | പൂർണ്ണ നാമം അബ്ദുൾ ഫത് ജലാലുദ്ദീൻ മുഹമ്മദ് അക്ബർ<br>അക്ബർ എന്ന പദത്തിന്റെ അർത്ഥം മഹാൻ<br>മുഗൾ വംശത്തിലെ പ്രശസ്തനായ രാജാവ് |
| **ജഹാംഗീർ** (1569 - 1627) | മുഗൾ വംശത്തിലെ നാലാമത്തെ ഭരണാധികാരി<br>മുഴുവൻ പേര് നൂറുദ്ദീൻ സലീം ജഹാംഗീർ<br>ജഹാംഗീർ എന്ന വാക്കിന്റെ അർത്ഥം ലോകജേതാവ്<br>ആത്മകഥ തുസൂക്-ഇ-ജഹാംഗീരി |

| | |
|---|---|
| **ഷാജഹാൻ** (1592 - 1666) | യഥാർത്ഥ പേര് മിർസ ഷഹാബ്-ഉദ്-ദിൻ-മുഹമ്മദ് ഖുറം<br>ഷാജഹാൻ എന്ന വാക്കിന്റെ അർഥം ലോകത്തിന്റെ രാജാവ്<br>താജ്മഹൽ, ചെങ്കോട്ട, ആഗ്രയിലെ മോത്തി മസ്ജിദ്<br>ലാഹോറിലെ ഷാലിമാർ ഗാർഡൻ എന്നിവ ഇദ്ദേഹത്തിന്റെ<br>ഭരണകാലത്ത് നിർമ്മിക്കപ്പെട്ടവയാണ് |
| **ഔറംഗസീബ്** (1618- 1707) | പൂർണ്ണനാമം മുഹിയുദ്ധീൻ മുഹമ്മദ് ഔറംഗസേബ്<br>ആലംഗീർ<br>മുഗൾ രാജവംശത്തിന്റെ വിസ്തൃതി കൂടുതൽ വ്യാപിപ്പിച്ചു |

# റിവേഴ്സ് ക്വിസ്

## തുടർപ്രവർത്തനം

**മുഗൾ രാജാക്കന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയാറാക്കുക**


# ഭൂപടവായന


ഔറംഗസേബിന്റെ കാലത്തെ
മുഗൾ രാജ്യം (1707)
കാബൂൾ
കാശ്മീർ
പെഷ്വാർ
ലാഹോർ
മുൾട്ടാൻ
ഡൽഹി
സിന്ധ്
അജ്മീർ
ആഗ്ര
ആവദ്
അലഹബാദ്
മീവാർ
തട്ട
ബീഹാർ
ഡാക്ക
ബംഗ്ലാ
അഹമ്മദാബാദ്
മാൾവ
ഗുജറാത്ത്
മാണ്ഡു
ഗോണ്ട്വാന
ബെറാർ
കട്ടക്ക്
അഹമ്മദ്നഗർ
ബിഡാർ
ബിജാപൂർ
ഗോൾകൊണ്ട
അർക്കോട്ട്




ഇത് ഏത് മുഗൾ ചക്രവർത്തിയുടെ കാലത്തെ ഭൂപടമാണ്?


മുഗൾ ഭരണം ഏറ്റവും കൂടുതൽ വിസ്തൃതമായത്
ഏത് നൂറ്റാണ്ടിൽ?

| ഔറംഗസേബിന്റ്റെ കാലത്തെ മുഗൾ രാജവംശത്തിന്റെ ഭൂപടം | ഇന്ത്യയുടെ ഭൂപടം |
|---|---|
|   |   |

**ഭൂപടത്തിൽ നിന്നും ഇന്നത്തെ ഏതെല്ലാം രാജ്യങ്ങളിൽ മുഗൾ ഭരണം വ്യാപിച്ചിരുന്നുവെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക**

| ഔറംഗസേബിന്റെ കാലത്തെ മുഗൾ രാജവംശത്തിന്റെ ഭൂപടം | ഇന്ത്യയുടെ ഭൂപടം |
| --- | --- |








*അഫ്ഗാനിസ്ഥാൻ *പാകിസ്ഥാൻ *ഇന്ത്യ

*ബംഗ്ലാദേശ് *നേപ്പാൾ *ഭൂട്ടാൻ

# മുഗൾ സാമ്രാജ്യത്തിന്റെ വ്യാപ്തി വീഡിയോ

# പ്രവർത്തനക്കാർഡ് – 1
# വ്യക്തിഗതമായി പൂരിപ്പിക്കൽ



CLASS :7
SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -1

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

MENTORS KERALA

## വായനാകാർഡ്

**ഒന്നാം പാനിപ്പത്ത് യുദ്ധം**

1526 ൽ ഡൽഹിക്ക് അടുത്തുള്ള പാനിപ്പത്തിൽ വച്ച് സുൽത്താനത്ത് കാലഘട്ടത്തിലെ അവസാന ഭരണാധികാരിയായിരുന്ന ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തി അഫ്ഗാനിസ്ഥാനിലെ കാബൂൾ ഭരണാധികാരിയായിരുന്ന ബാബർ ഡൽഹി പിടിച്ചെടുത്തു.ബാബർ സ്ഥാപിച്ച മുഗൾ സാമ്രാജ്യത്തിലെ പ്രധാന ഭരണാധികാരികളിൽ അവസാനത്തെ ഭരണാധികാരിയായിരുന്ന ഔറംഗസേബ്.

**ടൈംലൈൻ തയ്യാറാക്കാം**

പ്രധാനപ്പെട്ട മുഗൾ ഭരണാധികാരികളുടെയും അവരുടെ ഭരണകാലഘട്ടത്തെയും സൂചിപ്പിക്കുന്ന ടൈംലൈൻ പൂർത്തിയാക്കുക..

| | |
|---|---|
| ബാബർ | 1526 - 1530 |
| ............... | ..................... |
| അക്ബർ | ..................... |
| ............... | ..................... |
| ............... | 1628 – 1658 |
| ............... | ..................... |

# മുഗളരും ഒന്നാം പാനിപ്പത്ത് യുദ്ധവും - വായന

## മുഗളരും ഒന്നാം പാനിപ്പത്ത് യുദ്ധവും



'മംഗോൾ' എന്ന പദത്തിൽ നിന്നാണ് 'മുഗൾ' എന്ന പേരുദ്ഭവിച്ചത്. മുഗൾ രാജ്യ സ്ഥാപകനായ ബാബർ, പിതാവ് വഴി തുർക്കി ഭരണാധികാരിയായിരുന്ന തിമൂറിന്റെയും മാതാവ് വഴി മംഗോൾ രാജാവായിരുന്ന ചെങ്കിസ് ഖാന്റെയും പിൻഗാമിയായിരുന്നു. പതിനാറാംനൂറ്റാണ്ടിൽ യൂറോപ്യരാണ് ഈ രാജവംശത്തെ 'മുഗൾ' എന്ന് വിളിച്ചു തുടങ്ങിയത്.

ലോദിവംശത്തിലെ അവസാനത്തെ ഭരണാധികാരിയായ ഇബ്രാഹിംലോദിയും കാബൂളിലെ ഭരണാധികാരിയായിരുന്ന ബാബറും 1526 ൽ ഹരിയാനയിലെ പാനിപ്പത്തിൽവെച്ച് ഏറ്റുമുട്ടി. ചരിത്രത്തിൽ ഇതിനെ ഒന്നാം പാനിപ്പത്ത് യുദ്ധമെന്ന് വിശേഷിപ്പിക്കുന്നു. ഈ യുദ്ധവിജയത്തിലൂടെയാണ് ബാബർ ഇന്ത്യയിൽ മുഗൾ ഭരണം സ്ഥാപിച്ചത്.

## ഉത്തരം കണ്ടെത്തൂ...

ലോദി വംശത്തിലെ അവസാനത്തെ ഭരണാധികാരി ആര്?

# ഇബ്രാഹിം ലോദി

ആരൊക്കെ തമ്മിലായിരുന്നു പാനിപ്പത്ത് യുദ്ധം?

# ബാബറും ഇബ്രാഹിം ലോദിയും

പാനിപ്പത്ത് യുദ്ധം നടന്ന വർഷം


# 1526

# കൺഫ്യൂഷൻ ഒഴിവാക്കാം

ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ (1526)ബാബർ,ഡൽഹി ഭരണാധികാരിയായ ഇബ്രാഹിം ലോധിയെ തോൽപിച്ചു.എന്നാൽ, രണ്ടാം പാനിപ്പത്ത് യുദ്ധത്തിൽ(1556) മുഗൾസേനയെ അക്ബറിനുവേണ്ടി നയിച്ച ബൈറാം ഖാൻ,ആദിൽഷായുടെ പടനായകനായ ഹേമുവിനെ തോൽപ്പിച്ചു.




# വായന



“കിഴക്കിനെ വിറപ്പിച്ച അക്ബർ ചക്രവർത്തി നിര്യാതനായിരിക്കുന്നു. തീർച്ചയായും അക്ബർ മഹാനായ ചക്രവർത്തിയായിരുന്നു. ഒരേ സമയം പ്രജകളിൽ നിന്ന് സ്നേഹവും ബഹുമാനവും വിധേയത്വവും ലഭിച്ചുകൊണ്ടു തന്നെ, ആജ്ഞാശക്തി നിലനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. ഉയർന്ന – താഴ്ന്ന വിഭാഗങ്ങളെന്ന തരംതിരിവില്ലാതെയും പരിചിത/അപരിചിത വ്യത്യാസമില്ലാതെയും ഹിന്ദു/ക്രിസ്ത്യൻ/മുസ്ലീം വ്യത്യാസമില്ലാതെയും തുല്യനീതി നടപ്പിലാക്കിയ, കരുത്തരോട് ശക്തമായും അശക്തരോട് കരുണയോടും പെരുമാറിയ സുൽത്താൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു... .”

“കിഴക്കിനെ വിറപ്പിച്ച അക്ബർ ചക്രവർത്തി നിര്യാതനായിരിക്കുന്നു. തീർച്ചയായും അക്ബർ മഹാനായ ചക്രവർത്തിയായിരുന്നു. ഒരേ സമയം പ്രജകളിൽ നിന്ന് സ്നേഹവും ബഹുമാനവും വിധേയത്വവും ലഭിച്ചുകൊണ്ടു തന്നെ, ആജ്ഞാശക്തി നിലനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. ഉയർന്ന – താഴ്ന്ന വിഭാഗങ്ങളെന്ന തരംതിരിവില്ലാതെയും പരിചിത/അപരിചിത വ്യത്യാസമില്ലാതെയും ഹിന്ദു/ക്രിസ്ത്യൻ/മുസ്ലീം വ്യത്യാസമില്ലാതെയും തുല്യനീതി നടപ്പിലാക്കിയ, കരുത്തരോട് ശക്തമായും അശക്തരോട് കരുണയോടും പെരുമാറിയ സുൽത്താൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു... .”



**ഈ കുറിപ്പിൽ നിന്നും മുഗൾ ചക്രവർത്തിയായിരുന്ന അക്ബറിനെക്കുറിച്ച് നിങ്ങൾക്ക് എന്തൊക്കെയാണ് മനസ്സിലാക്കാൻ കഴിയുന്നത്?**

**ഉത്തരം കണ്ടെത്തൽ**

**അവതരണം**

*അക്ബർ അതിശക്തനായ ചക്രവർത്തി ആയിരുന്നു.

*ഉയർന്ന വിഭാഗമെന്നോ  താഴ്ന്ന വിഭാഗമെന്നോ ഉള്ള തരംതിരിവ് അദ്ദേഹം കാണിച്ചിരുന്നില്ല.

*എല്ലാ മതങ്ങൾക്കും തുല്യ നീതി നടപ്പിലാക്കി.

*കരുത്തരോട് ശക്തമായും ദുർബലരോട് കരുണയോടും പെരുമാറാൻ അദ്ദേഹത്തിന് സാധിച്ചു.

*എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു.

ഫത്തേപ്പൂർ സിക്രി വീഡിയോ

# മതസഹിഷ്ണുത - വായന

1575 ൽ തന്റെ പുതിയ തലസ്ഥാനമായ ഫത്തേപ്പൂർ സിക്രിയിൽ അക്ബർ ഇബാദത്ത് ഖാന പണികഴിപ്പിച്ചു. വിവിധ മതങ്ങളിലെ പണ്ഡിതരും പ്രമുഖരും ഇവിടെ ഒത്തു ചേർന്നിരുന്നു. അക്ബർ പിന്തുടർന്നിരുന്ന മതസഹിഷ്ണുതാനയത്തിന് ഇത്തരം ചർച്ചകൾ ഉത്തമ ഉദാഹരണങ്ങളാണ്.

എല്ലാ മതങ്ങളുടെയും നല്ലവശങ്ങൾ കോർത്തിണക്കി അക്ബർ രൂപംകൊടുത്ത ദർശനമാണ് ദിൻ-ഇ-ലാഹി. എല്ലാവർക്കും സമാധാനം അഥവാ സുൽഹ്-ഇ-കുൽ എന്നതാണ് ഈ ദർശനത്തിന്റെ കാതൽ. എല്ലാ ദർശനങ്ങളും മനുഷ്യരുടെ ക്ഷേമത്തിനുവേണ്ടിയുള്ളതാണ് എന്ന ആശയം വ്യക്തമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

‘ജസിയ’ എന്ന മതനികുതി നിർത്തലാക്കിയത് ഭരണരംഗത്തും അക്ബർ സഹിഷ്ണുതാനയം പിന്തുടർന്നിരുന്നു എന്നതിന് തെളിവാണ്. മുഗൾ ഭരണത്തിന്റെ എല്ലാ മേഖലകളിലും എല്ലാ മതസ്ഥരേയും തുല്യമായി പരിഗണിച്ചിരുന്നു. രാജാ ടോഡർമാൾ, രാജാ മാൻസിങ്ങ്, രാജാ ഭഗവൻദാസ്, ബീർബൽ എന്നിവർ അക്ബർ ചക്രവർത്തിയുടെ രാജസദസ്സിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നവരിൽ പ്രധാനികളാണ്.

അക്ബർ ഇബാദത്ത്ഖാന പണികഴിപ്പിച്ചത് എവിടെയായിരുന്നു?

# ഫത്തേപ്പൂർ സിക്രിയിൽ

അക്ബർ ഇബാദത്ത് ഖാന പണികഴിപ്പിച്ച വർഷം

**1575**

# ഓർമയിൽ സൂക്ഷിക്കാം



ചെങ്കല്ലിലെ ഇതിഹാസം എന്നറിയപ്പെടുന്നത് ഫത്തേപ്പൂർ സിക്രി



# അക്ബർ രൂപീകരിച്ച മതം

# ദിൻ - ഇ -ലാഹി

# അക്ബർ നിർത്തലാക്കിയ മതനികുതി

ജസിയ

ഇസ്ലാമിക നിയമ വ്യാഖ്യാതാക്കളെ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ അക്ബർ പുറപ്പെടുവിച്ച വിളംബരം (മഹ്സർ) അപ്രമാദിത്വത്തിന്റെ ശാസനം എന്ന് തെറ്റായി വിളിക്കപ്പെട്ടു. സാമ്രാജ്യത്തിലെ മതപരമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിൽ മഹ്സർ പ്രയോജനപ്പെട്ടു. അപ്രമാദിത്വ പ്രഖ്യാപനം പ്രകാരം രാജ്യത്തിന്റെ രാഷ്ട്രീയ പരമാധികാരിയും ആത്മീയ പരമാധികാരിയും ആയിത്തീർന്നു. മുസ്ലീങ്ങളുടെ പൂർണമായ വിധേയത്വം അക്ബർ അവകാശപ്പെട്ടു. അതുകാരണം അക്ബർ ഒരേസമയം പോപ്പും രാജാവുമായ മുഗൾ ചക്രവർത്തി എന്ന് വിശേഷിപ്പിക്കപ്പെട്ടു.

അക്ബറുടെ രാജസദസ്സിലെ രജപുത്രന്മാർ ആരൊക്കെ?

രാജാ ടോഡർമാൾ

രാജാ ഭഗവൻദാസ്

രാജാ മാൻസിങ്ങ്

ബീർബൽ

# ഓർമയിൽ സൂക്ഷിക്കാം

രാജാ ടോഡർമാൾ, രാജാ മാൻസിങ്ങ്, അബുൾ ഫസൽ, ഫെയ്സി, ബീർബൽ, താൻസൻ, അബ്ദുൽ റഹീം ഖാൻ -ഇ -ഖാൻ, ഹമീം ഹമാം, മുല്ല ദോ പ്യാസ എന്നിവരായിരുന്നു അക്ബറുടെ സദസ്സിലെ നവരത്നങ്ങൾ




# അക്ബർ ഇബാദത്ത്ഖാന പണികഴിപ്പിച്ചതിന്റെ ലക്ഷ്യമെന്തായിരുന്നു?



മതങ്ങൾ തമ്മിൽ സഹിഷ്ണുത ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇബാദത്ത് ഖാന പണികഴിപ്പിച്ചത്. വിവിധ മതങ്ങളിലെ പണ്ഡിതരും പ്രമുഖരും അവിടെ ഒത്തുചേർന്നിരുന്നു

# ജഹാംഗീറിന്റെ ഓർമക്കുറിപ്പ് വായന



"എന്റെ അനുയായികൾ മറ്റ് മതവിഭാഗങ്ങളുമായി ശത്രുതയിൽ വർത്തിച്ചു സമയം പാഴാക്കരുത്. ഇതര മതസ്ഥരോടുള്ള ബന്ധത്തിൽ സുൽഹ്-ഇ-കുൽ (എല്ലാവർക്കും സമാധാനം) എന്ന ആശയം അനുവർത്തിക്കട്ടെ. മൃഗങ്ങളെ കൊല്ലുകയോ യുദ്ധസമയങ്ങളിലൊഴികെ ആയുധങ്ങളെടുക്കുകയോ ചെയ്യരുത്". അക്ബർ തന്റെ അനുയായികളോട് കല്പിച്ചതായി മുഗൾ സുൽത്താനായിരുന്ന ജഹാംഗീർ തന്റെ ഓർമ്മക്കുറിപ്പായ '*തുസുകി ജഹാംഗിറി*'ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഓർമയിൽ സൂക്ഷിക്കാം





മുഗൾ ചക്രവർത്തിയായ
ജഹാംഗീറിന്റെ ആത്മകഥയാണ്
തുസൂക് -ഇ - ജഹാംഗിറി

# കൺഫ്യൂഷൻ ഒഴിവാക്കാം

സ്വന്തം ശവകുടീരം പണിത മുഗൾ ചക്രവർത്തിയാണ് അക്ബർ. ആഗ്രയ്ക്കടുത്ത് സിക്കന്ദ്രയിലാണ് അത് സ്ഥിതി ചെയ്യുന്നത്. അക്ബറാണ് നിർമാണം തുടങ്ങിയതെങ്കിലും പൂർത്തിയാക്കിയത് മകൻ ജഹാംഗീറാണ്




മുഗൾ ഭരണകാലത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ മതസഹിഷ്ണുത നിലനിർത്താൻ അക്ബറിന്റെ നയങ്ങൾ എത്രമാത്രം സഹായകമായി?

ചർച്ച

അക്ബർ ചക്രവർത്തിയുടെ മതസഹിഷ്ണുതാ നയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

മതങ്ങൾക്കിടയിൽ സഹിഷ്ണുത ഉണ്ടാക്കാൻ വേണ്ടിയാണ് ഇബാദത്ത് ഖാന പണികഴിപ്പിച്ചത്. വിവിധ മതങ്ങളിലെ പണ്ഡിതനരും പ്രമുഖരും ഇവിടെ ഒത്തുചേർത്തിരുന്നു. എല്ലാ മതങ്ങളിലെയും നല്ല വശങ്ങൾ കോർത്തിണക്കി അക്ബർ രൂപം കൊടുത്ത ദർശനമാണ് ദിൻ ഇലാഹി.കൂടാതെ ജസിയ എന്ന മത നികുതി നിർത്തലാക്കിക്കൊണ്ട് ഭരണരംഗത്തും സഹിഷ്ണുതാനയം പിന്തുടർന്നു.രാജാ ടോഡർമാൾ,രാജാ മാൻസിംഗ്,രാജാ ഭഗവൻദാസ്, ബീർബൽ എന്നിവർ അക്ബർ ചക്രവർത്തിയുടെ രാജ സദസ്സിൽ ഉന്നതസ്ഥാനം വഹിച്ചിരുന്ന പ്രധാനികളാണ്.എല്ലാ മതസ്ഥരെയും തുല്യമായി അദ്ദേഹം പരിഗണിച്ചിരുന്നു എന്നതിനുള്ള തെളിവാണിത്

# പ്രവർത്തനക്കാർഡ് -2



CLASS 8
SOCIAL SCIENCE

**പ്രവർത്തനക്കാർഡ് -2**

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

അക്ബറിനെയാണ് ഏറ്റവും മഹാനായ മുഗൾ ചക്രവർത്തിയായി കണക്കാക്കപ്പെടുന്നത്. ഇന്ത്യയിൽ സെക്കുലർ സ്റ്റേറ്റ് സ്ഥാപിച്ച ആദ്യ ഭരണാധികാരിയാണ് അക്ബർ. മറ്റു മതങ്ങളോട് സഹിഷ്ണുതാപരമായ സമീപനമാണ് അക്ബർ കൈക്കൊണ്ടത്. മുഗൾ ഭരണകാലത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ മതസഹിഷ്ണുത നിലനിർത്താൻ സഹായിച്ച അക്ബറിന്റെ നയങ്ങൾ പട്ടികപ്പെടുത്തുക...........

ജസിയ നിർത്തലാക്കി

അക്ബർ

# മുഗൾ സൈന്യം - വായന

## മുഗൾ സൈന്യം

മുഗൾ കാലഘട്ടത്തിൽ രാജ്യം വിപുലമാക്കുന്നതിനും വിസ്തൃതമാക്കപ്പെട്ട രാജ്യം നിലനിർത്തുന്നതിനും ശക്തമായ സൈന്യം ആവശ്യമായിരുന്നു. ഇതിനുവേണ്ടി അക്ബർ നടപ്പിലാക്കിയ സൈനിക സമ്പ്രദായമാണ് 'മാൻസബ്ദാരി'. ഈ സമ്പ്രദായമനുസരിച്ച് ഓരോ ഉദ്യോഗസ്ഥന്റെയും കീഴിൽ ഒരു സൈനികവ്യൂഹമുണ്ടായിരിക്കും. ഓരോ ഉദ്യോഗസ്ഥനും നിലനിർത്തേണ്ട കുതിരപ്പടയാളികളുടെ എണ്ണത്തെയാണ് 'മാൻസബ്' എന്ന പദവി സൂചിപ്പിക്കുന്നത്. നിലനിർത്തേണ്ട സൈനികരുടെ എണ്ണത്തിന് അനുസരിച്ചായിരുന്നു മാൻസബ്ദാരുടെ പദവി നിശ്ചയിച്ചിരുന്നത്. സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് പണം നൽകി സൈന്യത്തെ നിലനിർത്തുന്നതിന് പകരമാണ് ഈ സമ്പ്രദായം നടപ്പിലാക്കിയത്. മാൻസബ്ദാർമാർക്ക് അവരുടെ പദവിക്കനുസരിച്ച് ഭൂമി പതിച്ചുനൽകിയിരുന്നു. പ്രസ്തുത ഭൂമിയിൽനിന്നുള്ള നികുതി പിരിച്ചെടുത്താണ് മാൻസബ്ദാർ തന്റെ സൈന്യത്തെ നിലനിർത്തിയിരുന്നത്. ഭരണം ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ പ്രമുഖരുടെയും സൈനികരുടെയും പിന്തുണ ആവശ്യമായിരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായിരുന്നു മാൻസബ്ദാരി സമ്പ്രദായം നടപ്പിലാക്കിയത്.

മാൻസബ്ദാരി സമ്പ്രദായം നടപ്പിലാക്കിയ മുഗൾ ചക്രവർത്തി..?

- മാൻസബ്ദാരി സമ്പ്രദായം അക്ബർ നടപ്പിലാക്കി
- മൻസ് സബ് എന്ന അറബി വാക്കിന് പദവി എന്നർത്ഥം
- ഉദ്യോഗസ്ഥന്റെ വേതനം നിർണയിച്ച് പദവി കണക്കാക്കിയിരുന്നു
- ഉദ്യോഗസ്ഥന്റെ കീഴിൽ നിലനിർത്തേണ്ട പടയാളികളുടെയും കുതിരകളുടെയും എണ്ണത്തിനു അനുസരിച്ച് പദവി നൽകിയിരുന്നു
- എല്ലാ വിഭാഗങ്ങൾക്കും ഈ സമ്പ്രദായത്തിൽ പരിഗണന നൽകിയിരുന്നു
- സത്-സവാർ എന്നീ രണ്ടു വിഭാഗങ്ങൾ
- സത് ഒരു വ്യക്തിയുടെ സ്ഥാനവും വേതനവും കണക്കാക്കുന്നു
- സവാർ നിലനിർത്തേണ്ട കുതിരകളുടെ എണ്ണത്തെ സൂചിപ്പിക്കുന്നു

എന്താണ് മാൻസബ്ദാരി സമ്പ്രദായം?

ചർച്ച

ക്രോഡീകരണം

ഈ സമ്പ്രദായം അനുസരിച്ച് ഓരോ ഉദ്യോഗസ്ഥന്റെയും കീഴിൽ ഒരു സൈനിക വ്യൂഹം ഉണ്ടായിരിക്കും. നിലനിർത്തേണ്ട കുതിര പടയാളികളുടെ എണ്ണത്തെയാണ് 'മാൻസബ് 'എന്ന പദവി സൂചിപ്പിക്കുന്നത്. നിലനിർത്തേണ്ട സൈനികരുടെ എണ്ണത്തിന് അനുസരിച്ചായിരിക്കും മാൻസബ്ദാരുടെ പദവി നിശ്ചയിച്ചിരുന്നത്. സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് പണം നൽകി സൈന്യത്തെ നിലനിർത്തുന്നതിന് പകരമാണ് ഈ സമ്പ്രദായം നടപ്പിലാക്കിയത്. മാൻസബ്ദാർമാർക്ക് അവരുടെ പദവിക്കനുസരിച്ച് ഭൂമി പതിച്ചു നൽകിയിരുന്നു ഈ ഭൂമിയിൽ നിന്നുള്ള നികുതി പിരിച്ചെടുത്താണ് മാൻസബ്ദാർ തന്റെ സൈന്യത്തെ നിലനിർത്തിയിരുന്നത്

# പ്രവർത്തനക്കാർഡ് -3
# വ്യക്തിഗതമായി പൂരിപ്പിക്കൽ

CLASS :7

SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -3

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

MENTORS KERALA

### വായനാകാർഡ്

ബാബർ തുടക്കം കുറിച്ച മുഗൾ ഭരണം പിൽക്കാലത്ത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു മുഗൾ സാമ്രാജ്യം വിസ്തൃതമാക്കുന്നതിൽ അക്ബർ പ്രധാന പങ്കുവഹിച്ചു.അദ്ദേഹം വലിയൊരു സൈന്യത്തെ രൂപീകരിച്ചു. ഇതിനുവേണ്ടി വ്യത്യസ്തമായ ഒരു രീതി സ്വീകരിച്ചു. 'മാൻസബ്ദാരി' സമ്പ്രദായം എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ സമ്പ്രദായത്തിൽ ഓരോ ഉദ്യോഗസ്ഥനും തങ്ങളുടെ കീഴിൽ ഒരു നിശ്ചിത എണ്ണം സൈനികരെ നിലനിർത്താൻ ബാധ്യസ്ഥനായിരുന്നു. ബീർബൽ, രാജാ മാൻസിംഗ്,രാജാ തോഡർമാൾ, രാജാ ജയ്സിംഗ് തുടങ്ങിയവർ മുഗൾ ഭരണത്തിൽ പ്രധാന പദവികൾ വഹിച്ച രജപുത്രരായിരുന്നു.

**ഉത്തരം കണ്ടെത്തൂ.....**

**എ** ) 'മാൻസബ്ദാരി ' നടപ്പിലാക്കിയ മുഗൾ ഭരണാധികാരി?

**ബി** )എന്താണ് 'മാൻസബ്ദാരി ' സമ്പ്രദായം?

**സി** ) മുഗൾ ഭരണത്തിൽ പ്രധാന പദവികൾ വഹിച്ച രജപുത്രർ ആരൊക്കെ?

നമ്മുടെ രാജ്യത്ത് ഭരണസൗകര്യത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്?

രാജ്യം


സംസ്ഥാനം

ജില്ലകൾ

ത്രിതല പഞ്ചായത്തുകൾ

മുഗൾ ഭരണകാലത്തെ ഭരണരീതി എങ്ങനെയാണെന്ന് നോക്കാം.

# മുഗൾ ഭരണരീതി



മുഗൾ ഭരണകാലത്ത് ഗ്രാമങ്ങൾ ചേർന്ന്
പർഗാനകളും പർഗാനകൾ ചേർന്ന്
സർക്കാരുകളും സർക്കാരുകൾ ചേർന്ന്
സുബകളായി ക്രമീകരിക്കപ്പെട്ടിരുന്നു.
അക്ബറിന്റെ ഭരണകാലത്ത് 12 സുബകളും
ഔറംഗ സേബിന്റെ ഭരണകാലത്ത് 22 സുബകളും
ഉണ്ടായിരുന്നു.

# ഒറ്റനോട്ടത്തിൽ

## അക്ബറിന്റെ കാലഘട്ടത്തിലെ സുബകൾ


| | |
|---|---|
| *ബംഗാൾ | *ബീഹാർ |
| *മുൾട്ടാൻ | *കാബൂൾ |
| *അജ്മീർ | *അലഹബാദ് |
| *അവധ് | *ആഗ്ര |
| *ഡൽഹി | *ലാഹോർ |
| *മാൾവ | *ഗുജറാത്ത് |



മുഗൾ ഭരണത്തിൽ അക്ബറിന്റെ കാലത്താണ് ഇത്തരത്തിൽ ഒരു ഭരണക്രമം (ഘടന) ഫലപ്രദമായി രൂപപ്പെടുത്തിയത്.

രാജ്യത്തിന്റെ പരമാധികാരിയും സർവസൈന്യാധിപനും നിയമനിർമ്മാതാവും അന്തിമ ന്യായാധിപനും ചക്രവർത്തിയായിരുന്നു.

മുഗൾ കാലഘട്ടത്തിൽ നീതിന്യായനിർവഹണത്തിനായി ഇന്നത്തെപ്പോലെ പ്രത്യേകതരം കോടതികൾ ഉണ്ടായിരുന്നില്ല. പകരം, തദ്ദേശീയരായ മതപണ്ഡിതന്മാരാണ് (ഖാസിമാർ) തർക്കങ്ങളിൽ അന്വേഷണം നടത്തി തീർപ്പ് കല്പിച്ചിരുന്നത്. ഈ തീരുമാനത്തിൽ അതൃപ്തി ഉള്ളവർക്ക് ചക്രവർത്തിയോട് നേരിട്ട് പരാതി പറയാൻ അവസരമുണ്ടായിരുന്നു. ഭരണകാര്യങ്ങളിൽ രാജാവിന് ഉപദേശം നൽകുന്നതിനായി മന്ത്രിമാരെയും വകുപ്പ് അധ്യക്ഷന്മാരെയും നിയമിച്ചിരുന്നു.



മുഗൾകാലഘട്ടത്തിലെ നീതിന്യായ

വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച

പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തിയിരുന്നത് എങ്ങനെ?

നീതിന്യായ വിഷയത്തിൽ അന്തിമ തീർപ്പ് കൽപ്പിച്ചിരുന്നത് ആരാണ്?

രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നത് ആരൊക്കെയാണ്?

മുഗൾ ഭരണകാലഘട്ടത്തിലെ നീതിന്യായ നിർവഹണത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

മുഗൾ കാലഘട്ടത്തിൽ നീതിന്യായ നിർവഹണത്തിനായി ഇന്നത്തെ പോലെ പ്രത്യേകതരം കോടതികൾ ഉണ്ടായിരുന്നില്ല.പകരം തദ്ദേശീയരായ മതപണ്ഡിതന്മാരാണ് (ഖാസിമാർ) തർക്കങ്ങളിൽ അന്വേഷണം നടത്തി തീർപ്പ് കല്പിച്ചിരുന്നത്. ഈ തീരുമാനത്തിൽ അതിർത്തിയുള്ളവർക്ക് ചക്രവർത്തിയോട് നേരിട്ട് പരാതി പറയാൻ അവസരം ഉണ്ടായിരുന്നു.

# ഒറ്റനോട്ടത്തിൽ

## മധ്യകാല ഇന്ത്യ -പദാവലി

സുബ - പ്രവിശ്യ
സർക്കാർ -ഒരു കൂട്ടം പർഗാനകൾ
പർഗാന -ഏകദേശം 100 വില്ലേജുകൾ

ഫൗജ്ദാർ -സർക്കാരിന്റെ ചുമതലക്കാരൻ

ദിവാൻ -ഇ -വിസാരത്ത് - ധനവകുപ്പ്
ദിവാൻ -ഇ -അർസ് -സൈനിക കാര്യ മന്ത്രാലയം



കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു. താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആക്ടിവിറ്റി കാർഡുകൾ തയ്യാറാക്കൽ

ഗ്രൂപ്പ് 1-സാമൂഹ്യ വ്യവസ്ഥ

ഗ്രൂപ്പ് 2 –ജനജീവിതം

ഗ്രൂപ്പ് 3 - സാമ്പത്തിക പുരോഗതി

ഗ്രൂപ്പ് 4 -കാർഷിക പുരോഗതി

ഗ്രൂപ്പ് 5 -കച്ചവടവും നഗരവൽക്കരണവും

പാഠഭാഗം വായന

ആശയങ്ങൾ കണ്ടെത്തൽ


അവതരണം

# സാമൂഹ്യ - സാമ്പത്തിക സ്ഥിതി - വായന

## സാമൂഹ്യ-സാമ്പത്തിക സ്ഥിതി

മുഗൾ ഭരണകാലത്തെ സമൂഹത്തെക്കുറിച്ച് അക്കാലത്ത് ഇന്ത്യ സന്ദർശിച്ച യൂറോപ്യൻ സഞ്ചാരികളും വ്യാപാരികളും അവരുടെ യാത്രാവിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥിതിയായിരുന്നു അന്ന് നിലനിന്നിരുന്നത്. സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.

സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ സാധാരണക്കാരും ഏറ്റവും മുകളിൽ രാജാവുമായിരുന്നു. ജനങ്ങളുടെ ജീവിതനിലവാരം വേതനത്തെയും വരുമാനത്തെയും ആശ്രയിച്ചായിരുന്നു. രാജ്യത്തെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരായിരുന്നു. അവർക്കിടയിൽ ജാതിവ്യവസ്ഥ നിലനിന്നിരുന്നു. ഓരോ ജാതിയിൽപ്പെട്ടവർക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടായിരുന്നു. മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരിയായ ടവർണിയർ അന്നത്തെ സാമൂഹ്യാവസ്ഥയെക്കുറിച്ചും ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തെയും ജനങ്ങളുടെ ജീവിതരീതി, ഭക്ഷണം, വസ്ത്രം എന്നിവയിൽ വളരെയധികം വ്യത്യാസങ്ങൾ നിലനിന്നിരുന്നു. ബാബർ തന്റെ ഓർമക്കുറിപ്പുകളിൽ അക്കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന തൊഴിൽ വ്യവസ്ഥയെക്കുറിച്ചും ജാതിയെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.



'ആഗ്രയും ഫത്തേപൂർസിക്രിയും ലണ്ടൻ നഗരത്തേക്കാൾ വലുതും ജനനിബിഡവുമായിരുന്നു. ഏതാണ്ട് 12 മൈൽ ദൂരമുണ്ട് ഈ നഗരങ്ങൾ തമ്മിൽ. ഈ ദൂരമത്രയും വഴിനീളെ ഭക്ഷ്യവസ്തുക്കളും മറ്റും വിൽക്കുന്ന അങ്ങാടികൾ കാണാം.'

മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഇംഗ്ലീഷുകാരനായ റാൽഫ് ഫിച്ച് ഇന്ത്യയിലെ രണ്ട് നഗരങ്ങളെക്കുറിച്ച് വിവരിച്ചിരിക്കുന്നതാണ് മുകളിൽ നൽകിയിരിക്കുന്നത്. മുഗൾ ഭരണകാലത്ത് നാം എത്രത്തോളം സാമ്പത്തിക പുരോഗതി കൈവരിച്ചിരുന്നുവെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു. സാമ്പത്തിക പുരോഗതിക്ക് അടിസ്ഥാനം കാർഷികരംഗത്തെ നേട്ടങ്ങളായിരുന്നു. നെല്ല്, ഗോതമ്പ്, ബാർലി, കരിമ്പ്, പരുത്തി, എണ്ണക്കുരുക്കൾ തുടങ്ങിയവ അക്കാലത്തെ പ്രധാന കാർഷിക ഉൽപന്നങ്ങളായിരുന്നു. അബുൾഫസൽ തന്റെ പുസ്തകമായ 'ഐൻ-ഇ-അക്ബരി'യിൽ ഇന്ത്യക്കാർ വ്യത്യസ്തങ്ങളായ നെല്ലിനങ്ങൾ കൃഷിചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നികുതികൊടുത്തിരുന്ന കാലംവരെ കർഷകനെ ഭൂമിയിൽനിന്നും ഒഴിപ്പിച്ചിരുന്നില്ല. മുഗൾകാലത്ത് സാങ്കേതിക വിദ്യകളുടെയും പുതിയ ഉപകരണങ്ങളുടെയും ഉപയോഗം കാർഷികമേഖലയെ പുഷ്ടിപ്പെടുത്തി. ജലസേചനത്തിനായി പേർഷ്യൻ ചക്രവും കനാലുകളും വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്നു.

## ഓർമയിൽ സൂക്ഷിക്കാം





ഫത്തേപ്പൂർ സിക്രിയുടെ കവാടമാണ് ബുലന്ദ് ദർവാസ. ഇത് ഇന്ത്യയിലെ ഏറ്റവും വലിയ കവാടമാണ്.

# ഓർമയിൽ സൂക്ഷിക്കാം







ഗുജറാത്ത് വിജയത്തിന്റെ പ്രതീകമായി അക്ബർ നിർമിച്ച മന്ദിരമാണ് ബുലന്ദ് ദർവാസ

## അബുൾഫസൽ

മുഗൾ ഭരണകാലത്തെ മുഖ്യ ചരിത്രകാരനായിരുന്നു അബുൾഫസൽ. അക്ബറിന്റെ ഉപദേശകനും ജീവചരിത്രകാരനുമായിരുന്നു ഇദ്ദേഹം. 'ഐൻ-ഇ-അക്ബരി, അക്ബർനാമ' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്.

കാർഷികരംഗത്തെ ഉൽപാദനവർദ്ധനവ് കച്ചവടത്തെയും നഗരവൽക്കരണത്തെയും ത്വരിതപ്പെടുത്തി. വിദേശ ചരക്കുകളുടെ പ്രവേശന കവാടമായിരുന്നു ഗുജറാത്ത്. തുണിത്തരങ്ങൾ, മസ്ലിൻപട്ട്, പഞ്ചസാര, അരി തുടങ്ങിയവയായിരുന്നു പ്രധാന കയറ്റുമതി ഇനങ്ങൾ. ജലഗതാഗതം കാര്യമായ പുരോഗതി കൈവരിച്ചു. ഇക്കാലത്തെ പ്രധാന നഗരങ്ങളായിരുന്നു ധാക്ക, മുർഷിദാബാദ്, സൂറത്ത്, ലാഹോർ, ആഗ്ര തുടങ്ങിയവ.

# ഫ്യൂഡൽ വ്യവസ്ഥിതി



# എന്താണ് ഫ്യൂഡൽ വ്യവസ്ഥ?

സമൂഹത്തിലെ ഏറ്റവും ഉയർന്ന സ്ഥാനം  രാജാവിനും ഏറ്റവും അടിത്തട്ടിൽ സാധാരണക്കാരുമായിരുന്നു.ജനങ്ങളുടെ ജീവിതനിലവാരം വേതനത്തെയും വരുമാനത്തെയും ആശ്രയിച്ചായിരുന്നു. ജനങ്ങളിൽ ഭൂരിഭാഗവും കർഷകരായിരുന്നു.ഭൂമിയുടെ ഉടമാവകാശത്തെ അടിസ്ഥാനമാക്കി രൂപപ്പെട്ട സാമൂഹ്യസ്ഥിതിയാണ് ഫ്യുഡലിസം.

# മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഫ്രഞ്ച് സഞ്ചാരി

# ടവർണിയർ

# മുഗൾ കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച ഇംഗ്ളീഷുകാരൻ

# റാൽഫ് ഫിച്ച്

മുഗൾ ഭരണകാലത്ത് കാർഷിക രംഗത്തുണ്ടായ പുരോഗതി എന്തെല്ലാം?

നെല്ല്,ഗോതമ്പ്,ബാർലി, കരിമ്പ്,പരുത്തി, എണ്ണക്കുരുക്കൾ തുടങ്ങിയവ മുഗൾ ഭരണകാലത്തെ പ്രധാന കാർഷിക ഉൽപന്നങ്ങളായിരുന്നു. മുഗൾകാലത്ത് സാങ്കേതികവിദ്യകളുടെയും പുതിയ ഉപകരണങ്ങളുടെയും ഉപയോഗം കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തി. ജലസേചനത്തിനായി പേർഷ്യൻ ചക്രവും കനാലുകളും വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്നു.കാർഷിക രംഗത്തെ ഉൽപാദന വർദ്ധനവ് കച്ചവടത്തെയും നഗരവൽക്കരണത്തെയും ത്വരിതപ്പെടുത്തി.

# മുഗൾ ഭരണകാലത്തെ മുഖ്യ ചരിത്രകാരൻ

അബുൾ ഫസൽ

# കൺഫ്യൂഷൻ ഒഴിവാക്കാം

ഷാനാമ രചിച്ചത് ഫിർദൗസി. ബാബർ നാമരചിച്ചത് ബാബർ. അക്ബർനാമ രചിച്ചത് അബുൾ ഫസൽ. സഫർനാമ രചിച്ചത്ഇബ്ൻ ബത്തൂത്ത. പാദ്ഷാനാമ രചിച്ചത് അബ്ദുൽ ഹമീദ് ലഹോറി.തുഗ്ലക്നാമ രചിച്ചത് അമീർ ഖുസ്രു



മുഗൾ ഭരണകാലത്തെ പ്രധാനപ്പെട്ട നഗരങ്ങൾ ഏതൊക്കെ?

ധാക്ക

മൂർഷിദാബാദ്

ലാഹോർ

സൂറത്ത്

ആഗ്ര

ഡൽഹി

# വർക്ക് ഷീറ്റ് പൂർത്തിയാക്കൽ
# (വ്യക്തിഗതം )
# കൈമാറി വായന


| | |
|---|---|
| മുഗൾ ഭരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട നഗരങ്ങൾ ഏതെല്ലാം? | |
| സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന കാരണം എന്തായിരുന്നു? | |
| പ്രധാന കാർഷിക വിളകൾ ഏതെല്ലാം? | |
| ഐൻ-ഇ-അക്ബരി രചിച്ചതാര്? | |
| കാർഷിക മേഖലയുടെ പുരോഗതിക്ക് കാരണങ്ങൾ എന്തെല്ലാം? | |
| ഇന്ത്യയിലെ അക്കാലത്തെ വിദേശ വ്യാപാരത്തിന്റെ കേന്ദ്രം ഏതായിരുന്നു? | |

## ഈ നഗരങ്ങൾ ഇന്ന് ഏതെല്ലാം രാജ്യങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്?

| നഗരങ്ങൾ | ഇന്നത്തെ രാജ്യങ്ങൾ |
|---|---|
| • ധാക്ക | • ബംഗ്ലാദേശ് |
| • മുർഷിദാബാദ് | • |
| • ലാഹോർ | • |
| • സൂറത്ത് | • |
| • ആഗ്ര | • |

| നഗരങ്ങൾ | ഇന്നത്തെ രാജ്യങ്ങൾ |
|---|---|
| ധാക്ക | ബംഗ്ലാദേശ് |
| മുർഷിദാബാദ് | ഇന്ത്യ |
| ലാഹോർ | പാക്കിസ്ഥാൻ |
| സൂറത്ത് | ഇന്ത്യ |
| ആഗ്ര | ഇന്ത്യ |

# സാംസ്കാരിക സമന്വയം - വായന



*രസ്നാമ (Razm Nama) എന്ന പുസ്തകത്തിന്റെ പുറംചട്ട*

ചിത്രം ശ്രദ്ധിച്ചുവല്ലോ.

മുഗൾ ഭരണകാലത്ത് പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട മഹാഭാരതത്തിന്റെ പുറംചട്ടയുടെ ചിത്രമാണിത്. മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മകനായ ദാരാഷുക്കോ ആണ് ഇത് പരിഭാഷപ്പെടുത്തിയത്. മുഗൾ വംശജർ ഇന്ത്യൻ സംസ്കാരവുമായി കൂടിച്ചേർന്നതിന്റെ ഉദാഹരണമാണിത്. ഇക്കാലത്ത് വിവിധ മേഖലകളിൽ സംസ്കാരിക കൂടിച്ചേരലുകൾ നടന്നു. അത്തരത്തിലുള്ള സാംസ്കാരിക സമന്വയത്തിന്റെ ചില ഉദാഹരണങ്ങൾ നമുക്ക് നോക്കാം.

താജ്മഹൽ, ആഗ്രകോട്ട, ചെങ്കോട്ട തുടങ്ങിയവ ഇന്ത്യയുടെയും, മുഗളന്മാർ ഇവിടേക്ക് കൊണ്ടുവന്ന പേർഷ്യൻ വാസ്തുവിദ്യാശൈലിയുടെയും സമന്വയത്തിന് ഉദാഹരണങ്ങളാണ്. പേർഷ്യൻ, ഹിന്ദി ഭാഷകൾ കൂടിച്ചേർന്ന് പുതിയൊരു ഭാഷയായ ഉറുദു രൂപപ്പെട്ടതും ഇക്കാലത്താണ്. ഹിന്ദുസ്ഥാനി സംഗീതം ഉദ്ഭവിച്ചതും ഈ സമന്വയത്തിന്റെ ഭാഗമായിട്ടാണ്.


## താഴെപ്പറയുന്ന മേഖലയുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തൽ
## ചാർട്ടിൽ ഒട്ടിക്കൽ

| നിർമിതികൾ | ഭാഷ | സംഗീതം |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

മുഗൾ ഭരണകാലത്ത് മഹാഭാരതം പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്

# ദാരാഷുക്കോ

## ഓർമയിൽ സൂക്ഷിക്കാം





മുഗൾ ഭരണാധികാരിയായിരുന്ന ഷാജഹാന്റെ മകനാണ് ദാരാഷുക്കോ.

# ഓർമയിൽ സൂക്ഷിക്കാം

അക്ബറിന്റെ കൊട്ടാരത്തിലെ സംഗീതജ്ഞനാണ് മിയാൻ താൻസൻ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ഉപജ്ഞാതാവ് താൻസൺ ആണ്



ഇൻഡോ -ഇസ്ലാമിക് വാസ്തുവിദ്യാശൈലിക്ക് ഉദാഹരണം

# താജ്മഹൽ



# ആഗ്ര കോട്ട



# ചെങ്കോട്ട



# കൺഫ്യൂഷൻ ഒഴിവാക്കാം

റൊമാൻസ് ഇൻ സ്റ്റോൺ എന്നറിയപ്പെടുന്നത് ഫത്തേപ്പൂർ സിക്രിയിലെ കെട്ടിടങ്ങളാണ്. താജ്മഹലാണ് മാർബിളിലെ സ്വപ്നം എന്നറിയപ്പെടുന്നത്.



മുഗൾ കാലഘട്ടത്തിലെ സാംസ്കാരിക സമന്വയം സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

പേർഷ്യൻ സംസ്കാരവും ഇന്ത്യയുടെ തനതു സാംസ്കാരിക പാരമ്പര്യവും പരസ്പരം ഇഴുകി ചേർന്നൊരു വൈവിധ്യപൂർണ്ണമായ ഇടമായി മുഗൾ ഭരണകാലത്ത് ഇന്ത്യ മാറി.അക്കാലത്ത് സൃഷ്ടിക്കപ്പെട്ട പ്രധാനപ്പെട്ട നിർമ്മിതികളായ താജ്മഹൽ,ചെങ്കോട്ട, ആഗ്ര കോട്ട ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാം തന്നെ ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യയുടെ ഉദാഹരണങ്ങളാണ്.അതുപോലെ സംഗീതരംഗത്ത് ഹിന്ദുസ്ഥാനിയും സാഹിത്യ രംഗത്ത് ഹിന്ദിയും പേർഷ്യനും ചേർന്ന് ഉറുദു എന്നൊരു ഭാഷ തന്നെ രൂപപ്പെട്ടു. അക്ബറിന്റെ കാലത്ത് പ്രധാനപ്പെട്ട സാഹിത്യ കൃതികൾ പേർഷ്യനിലേക്ക് തർജ്ജമ ചെയ്യുന്നതിനായി ഒരു വകുപ്പ് തന്നെ പ്രവർത്തിച്ചിരുന്നു. ഇന്ത്യൻ കൃതികളായ ലീലാവതി (ഗണിതം )രാജ തരംഗിണി,രാമായണം, പഞ്ചതന്ത്രം ഉൾപ്പെടെ നിരവധി കൃതികൾ പേർഷ്യനിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു.

# പ്രവർത്തനക്കാർഡ് -4 വിതരണം
# വ്യക്തിഗതം

CLASS 7
SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -4

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

**എ)** മുഗൾ ഭരണത്തിൽ അക്ബറിന്റെ കാലത്ത് ഭരണസൗകര്യത്തിനായി സ്വീകരിച്ചിരിക്കുന്ന ക്രമീകരണത്തിന്റെ പട്ടിക പൂർത്തിയാക്കുക....

**ഗ്രാമം**
↓
...........................
↓
**പർഗാന**
↓
...........................

**ബി ) ചേരുംപടി ചേർക്കുക...**

| | |
|---|---|
| **ജസിയ** | ..................................... |
| **ഇബാദത്ത് ഖാന** | **ഫത്തേപ്പൂർ സിക്രി** |
| ................. | **അക്ബർ നാമ** |
| **[illegible]** | .................................... |
| ................... | **ഇൻഡോ -ഇസ്ലാമിക് വാസ്തുവിദ്യാ ശൈലി** |

# ഓർമയിൽ സൂക്ഷിക്കാം

അക്ബർ ചക്രവർത്തിയുടെ കാലത്തെ സംഭവങ്ങളാണ് സർദാർ കെ. എം. പണിക്കരുടെ "കല്യാണമൽ " എന്ന നോവലിലെ പ്രമേയം



അക്ബർ ചക്രവർത്തിയുടെ ജീവിതകഥ വീഡിയോ പ്രദർശനം

# പ്രവർത്തനക്കാർഡ് -5 വിതരണം
# വ്യക്തിഗതം

CLASS -7
SOCIAL SCIENCE

MENTORS KERALA

## പ്രവർത്തനക്കാർഡ് -5

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

### ഓർമ്മപ്പെടുത്തൽ

കണ്ണവം ജി.ടി.യു.പി. സ്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബ്ബിലെ കുട്ടികൾ പഠനയാത്ര പോയപ്പോൾ കണ്ട ചരിത്ര സ്മാരകങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. പട്ടിക പൂർത്തിയാക്കുക...





a]............................ b]............................ c]............................





d]............................ e]............................ f]............................

# 50 രൂപ കറൻസി നോട്ടിൽ ആലേഖനം ചെയ്തിരിക്കുന്ന ചരിത്ര സ്മാരകം ഏത്?



മധ്യകാലത്ത് ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തിയ മുഗൾ രാജവംശത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയല്ലോ. ഇതേ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലും വ്യത്യസ്ത രാജവംശങ്ങൾ നിലനിന്നിരുന്നു. അക്കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് വിജയനഗര രാജ്യം.

# പേജ് 18 വായന


## വിജയനഗരവും ഹംപിയും

വിജയനഗരം (വിജയത്തിന്റെ നഗരം) ഒരേ സമയം ഒരു നഗരത്തിന്റെയും രാജ്യത്തിന്റെയും പേരായിരുന്നു. സി.ഇ 1565 ൽ ഈ നഗരം നശിപ്പിക്കപ്പെടുകയും തുടർന്നുള്ള നൂറ്റാണ്ടുകളിൽ അത് ജനമനസ്സുകളിൽ മാത്രം നിൽക്കുകയും ചെയ്തു. അവരുടെ ഓർമ്മയിൽ അത് 'ഹംപി' എന്ന പേരിൽ നിലനിന്നു. 1800 ൽ കേണൽ മക്കൻസി എന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഉദ്യോഗസ്ഥനാണ് ഹംപിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. അതിലൂടെയാണ് വിജയനഗരത്തിന്റെ ചരിത്രത്തിലേക്ക് ഗവേഷകരുടെ ശ്രദ്ധ പതിഞ്ഞത്.

1800 ൽ ഹംപിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഉദ്യോഗസ്ഥൻ...?


# കേണൽ മക്കൻസി

# ഭൂപട വായന




ആഗ്ര
യമുന നദി
ഗംഗ നദി
ഷർക്വി
സിന്ധ്
മീവാർ
ജൗൻപൂർ
ബംഗ്ലാ
ഗ്വാളിയർ
തട്ട
ചിറ്റോർ
മാൾവ
അഹമ്മദാബാദ്
മാണ്ഡു
ഗുജറാത്ത്
നർമദാ നദി
ദൗലത്താബാദ്
കട്ടക്ക്
ഖണ്ഡേഷ്
ഗജപതി
ഗോദാവരി നദി
ബാഹ്മനി
സൽത്തനത്ത്
ബിഡാർ
ഗുൽബർഗ
വിജയനഗർ
അറബിക്കടൽ
വിജയനഗരം
കാവേരി നദി
ബംഗാൾ ഉൾക്കടൽ

# ആരുടെ കാലഘട്ടത്തെ വിജയനഗരമാണ്  ഭൂപടത്തിൽ കാണുന്നത്?



# ഭൂപടം നിരീക്ഷിച്ച് വിജയനഗരത്തിൽ ഉൾപ്പെട്ട ഇന്നത്തെ ഇന്ത്യൻ സംസ്ഥാനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൂ..



കർണാടകം

തെലുങ്കാന

ആന്ധ്രപ്രദേശ്

തമിഴ്നാട്

## വിജയനഗര രാജവംശം

| രാജവംശം | രാജാക്കന്മാർ | സവിശേഷതകൾ |
|---|---|---|
| **സംഗമ വംശം** | ഹരിഹരൻ, ബുക്കൻ | സ്ഥാപകർ<br>ഏറ്റവും കൂടുതൽ കാലം രാജ്യം ഭരിച്ചു |
| **സാലുവ വംശം** | നരസിംഹ സാലുവ | സ്ഥാപകൻ<br>ഏറ്റവും കുറച്ചു കാലം ഭരണം നടത്തിയ രാജവംശം |
| **തുളുവ വംശം** | വീര നരസിംഹൻ | സ്ഥാപകൻ |
| | കൃഷ്ണദേവരായർ | പ്രശസ്തനായ ഭരണാധികാരി,<br>അഭിനവ ഭോജൻ, ആന്ധ്ര ഭോജൻ<br>എന്നീ പേരുകളിൽ അറിയപ്പെട്ടു. |
| **അരവിഡു വംശം** | തിരുമല | സ്ഥാപകൻ |
| | വെങ്കട I | പ്രശസ്തനായ ഭരണാധികാരി |

ഹരിഹരൻ, ബുക്കൻ എന്നീ സഹോദരങ്ങളാണ് സി.ഇ. 1336 ൽ വിജയനഗരം സ്ഥാപിച്ചത്. ദക്ഷിണേന്ത്യയിലെ ശക്തവും സമ്പന്നവുമായ രാജ്യമായിരുന്ന വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരിയായിരുന്നു കൃഷ്ണദേവരായർ (1509-1529). അദ്ദേഹത്തെക്കുറിച്ച് യൂറോപ്യൻ സഞ്ചാരിയായ ബാർബോസ പറഞ്ഞ വാക്കുകൾ നമുക്ക് പരിചയപ്പെടാം.

വിജയനഗരസാമ്രാജ്യം  സ്ഥാപിച്ചതാര്?

# ഹരിഹരൻ, ബുക്കൻ

സാലുവ വംശം സ്ഥാപിച്ചതാര്?

# നരസിംഹ സാലുവ

കൃഷ്ണദേവരായർ ഏത് വംശത്തിലെ ഭരണാധികാരിയാണ്?

# തുളുവ വംശം

അരവിഡു വംശം സ്ഥാപിച്ചതാര്?

# തിരുമല

വിജയനഗരം സ്ഥാപിച്ച വർഷം..?

സി. ഇ.1336

ആരാണ് വിജയനഗരത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി?

# കൃഷ്ണദേവരായർ

# ഒറ്റനോട്ടത്തിൽ

## വിജയനഗര വംശങ്ങളും സ്ഥാപകരും

സംഗമം - ബക്കൻ, ഹരിഹരൻ


സാലുവ - നരസിംഹ സലുവ

തുളുവ - വീര നരസിംഹൻ


അരവിഡു - തിരുമല



# വിജയനഗര രാജാക്കന്മാരെ സംബന്ധിക്കുന്ന ആശയഭൂപടം പൂർത്തിയാക്കൂ..



“ഏതൊരാൾക്കും യാതൊരു അസ്വാരസ്യവുമില്ലാതെ, ക്രിസ്ത്യാനിയെന്നോ, ജൂതനെന്നോ, മൂറെന്നോ, കിരാതനെന്നോ വ്യത്യാസമില്ലാതെ തന്റെ വിശ്വാസം നിലനിർത്തിക്കൊണ്ട് വന്നുപോകുന്നതിനും ജീവിക്കുന്നതിനും യാതൊരു തടസ്സവുമില്ലാത്തവിധം രാജാവ് സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. രാജ്യത്തെ നീതിന്യായവ്യവസ്ഥയും സമത്വം നിറഞ്ഞതാണ്.”



**ബാർബോസ**

ഇന്ത്യ സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി

## വിജയനഗര കാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി

# ബാർബോസ

# ഓർമയിൽ സൂക്ഷിക്കാം



കൃഷ്ണദേവരായരുടെ
ഭരണകാലഘട്ടം പ്രബന്ധകാലം
എന്നറിയപ്പെടുന്നു.



# മതസഹിഷ്ണുത, കല, സാഹിത്യം

കൃഷ്ണദേവരായരുടെ ഭരണകാലം രാജ്യവ്യാപനത്തിന്റെയും വികസനത്തിന്റെയും കാലഘട്ടമായിരുന്നു. ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് നടത്തിയിരുന്നു. തലസ്ഥാന നഗരിയായ ഹംപിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടൊപ്പം കോട്ടകളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും പണികഴിപ്പിച്ചിരുന്നു. മതസഹിഷ്ണുതയായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തിക്ക് മറ്റൊരു പ്രധാനകാരണം. എല്ലാ മതങ്ങളേയും ഒരേപോലെ പരിഗണിക്കുകയും വിവിധ മതസ്ഥർക്ക് അവരുടേതായ വിശ്വാസങ്ങൾ നിലനിർത്തിക്കൊണ്ട് ജീവിക്കാനുള്ള എല്ലാ സ്വാതന്ത്ര്യവും അനുവദിക്കുകയും ചെയ്തിരുന്നു. കൃഷ്ണദേവരായരുടെ കാലത്ത് കല-സാഹിത്യ-സാംസ്കാരിക മേഖലകളും

ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. അസാമാന്യമായ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം 'അമുക്തമാല്യദ', 'ജാംബവതീകല്യാണം' എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. തെലുങ്ക്, കന്നഡ, തമിഴ് സാഹിത്യങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. 'അഷ്ടദിഗ്ഗജങ്ങൾ' എന്ന് അറിയപ്പെട്ടിരുന്ന പണ്ഡിതർ കൃഷ്ണദേവരായരുടെ സദസിനെ അലങ്കരിച്ചിരുന്നു.

കൃഷ്ണദേവരായരുടെ കൃതികൾ ഏതൊക്കെ?

അമുക്ത മാല്യദ

ജാംബവതി കല്യാണം

# ഓർമയിൽ സൂക്ഷിക്കാം

രാജ്യതന്ത്രത്തെയും ഭരണതന്ത്രത്തെയും കുറിച്ച് പ്രതിപാദിക്കുന്ന കൃഷ്ണദേവരായരുടെ കൃതിയാണ് 'അമുക്ത മാല്യദ



## കൃഷ്ണദേവരായരുടെ പ്രധാന കൃതികൾ

## ഓർമയിൽ സൂക്ഷിക്കാം

*അമുക്ത മാല്യദ

*ജാംബവതീ കല്യാണം

*സത്യവതി പരിണയം

*ഉഷാ പരിണയം

*ജ്ഞാന ചിന്താമണി

*രസമഞ്ജരി

*മദാലസ ചരിതം

*സകലകലാ രസം



കൃഷ്ണദേവരായരുടെ സദസ്സിനെ അലങ്കരിച്ചിരുന്ന സദസ്സ് അറിയപ്പെട്ടിരുന്നത്..?

# അഷ്ടദിഗ്ഗജങ്ങൾ

# ഓർമയിൽ സൂക്ഷിക്കാം

അഷ്ടദിഗ്ഗജങ്ങളിൽ ഏറ്റവും
പ്രധാനി അല്ലസാനി പെദ്ദണ്ണ
ആയിരുന്നു. മനുചരിതം
ഇദ്ദേഹത്തിന്റെ രചനയാണ്.
കൃഷ്ണദേവരായർ അല്ലസാനി
പെദ്ദണ്ണയ്ക്ക് ആന്ധ്ര കവിതാ
പിതാമഹൻ എന്ന ബ



അക്ബറിന്റെയും കൃഷ്ണദേവരായരുടെയും മതനയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

തങ്ങളുടെ രാജ്യത്ത് മതത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു വേർതിരിവും കാണിക്കാത്ത രണ്ടു ഭരണാധികാരികളായിരുന്നു അക്ബറും കൃഷ്ണദേവരായരും.രാജ്യത്തെ വ്യത്യസ്തങ്ങളായ മതവിശ്വാസങ്ങളെ ബഹുമാനിക്കുവാനും വിവിധ വിശ്വാസങ്ങൾക്ക് അനുസരിച്ച് സ്വാതന്ത്ര്യത്തോടെ ജനങ്ങൾക്ക് ജീവിക്കാനുമുള്ള അവകാശം ഈ രണ്ടു ഭരണാധികാരികളും നൽകിയിരുന്നു. മതവിശ്വാസങ്ങളിന്മേൽ  പണ്ഡിതന്മാരുമായി ചർച്ചകൾ നടത്തുന്നതിനും എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേക്കാണ് നയിക്കുന്നതെന്നുമുള്ള അടിസ്ഥാന ബോധമാണ് ഈ രണ്ടു ഭരണാധികാരികളെയും മുന്നോട്ട് നയിച്ചിരുന്നത്. പണ്ഡിത സദസ്സുകളിലെ ചർച്ചകളിൽ നിന്നും ലഭിച്ചുവന്നിരുന്ന അമൂല്യമായ അറിവുകൾ രണ്ടു ഭരണാധികാരികളും തങ്ങളുടെ വിശ്വാസ സംരക്ഷണത്തിലും പ്രായോഗികമായി ഉപയോഗിച്ചിട്ടുണ്ട്

# ഭരണസംവിധാനം വായന


## ഭരണസംവിധാനം

വിജയനഗര ഭരണത്തിലും രാജവാഴ്ചയാണ് നിലനിന്നിരുന്നത്. ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ (പ്രവിശ്യകൾ), നാടുകൾ (ജില്ലകൾ), സ്ഥലം (ഉപജില്ലകൾ), ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചിരുന്നു. രാജാവിനെ സഹായിക്കാൻ മന്ത്രിസഭ ഉണ്ടായിരുന്നു. മന്ത്രിമാരെ തരംതാഴ്ത്തുന്നതിനും ശിക്ഷിക്കാനുമുള്ള അധികാരം രാജാവിനുണ്ടായിരുന്നു. നീതിനിർവഹണത്തിനായി വിവിധ തലങ്ങളിൽ കോടതികൾ സ്ഥാപിച്ചിരുന്നു. അപ്പീലധികാരി രാജാവ് തന്നെയായിരുന്നു. ചെറിയ കുറ്റങ്ങളും തൊഴിൽപരമായ പ്രശ്നങ്ങളും ഗ്രാമങ്ങളിലെ കോടതികൾ തന്നെ കൈകാര്യം ചെയ്തിരുന്നു.

വിജയനഗരത്തിലെ ഭരണസംവിധാനത്തിൽ പ്രധാനപങ്ക് വഹിച്ചവരായിരുന്നു നായകന്മാരും അമരനായകന്മാരും. സൈനികമേധാവികൾ 'അമരനായകന്മാർ' എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. രാജാക്കന്മാർ ഇവർക്കായി ഭൂപ്രദേശങ്ങൾ അനുവദിച്ച് നൽകിയിരുന്നു. ഈ പ്രദേശങ്ങൾ 'അമര' എന്നപേരിൽ അറിയപ്പെട്ടു. അമരത്തിന്റെ ഭരണം നിർവഹിച്ചിരുന്നത് അമരനായകന്മാരായിരുന്നു. ഈ പ്രദേശങ്ങളുടെ നികുതിപിരിക്കുന്നതിനുള്ള അവകാശം അമരനായകന്മാർക്കായിരുന്നു. അമരനായകർ രാജാവിന് ഒരു നിശ്ചിത തുക നൽകിയിരുന്നു. ഇവർ ഒരു നിശ്ചിത എണ്ണം കാലാളുകൾ, കുതിരകൾ, ആനകൾ എന്നിവ നിലനിർത്തിയിരുന്നു. ഈ വ്യവസ്ഥയെ 'അമരനായക സംവിധാനം' എന്നാണ് വിളിച്ചിരുന്നത്.

വിജയനഗര കാലഘട്ടത്തിൽ ഭരണസൗകര്യത്തിനായി സ്വീകരിച്ചിരുന്ന ക്രമീകരണം എന്തായിരുന്നു?

## വിജയനഗര ഭരണ സംവിധാനം



വിജയനഗരത്തിലെ ഭരണസംവിധാനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ..

വിജയനഗര ഭരണത്തിലും രാജവാഴ്ചയാണ് നിലനിന്നിരുന്നത്. ഭരണ സൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ, നാടുകൾ, സ്ഥലം, ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചിരുന്നു. രാജാവിനെ സഹായിക്കാൻ മന്ത്രിസഭ ഉണ്ടായിരുന്നു. മന്ത്രിമാരെ തരംതാഴ്ത്തുന്നതിനും ശിക്ഷിക്കാനുമുള്ള അധികാരം രാജാവിനുണ്ടായിരുന്നു. നീതി നിർവഹണത്തിനായി വിവിധ തലങ്ങളിൽ കോടതികൾ സ്ഥാപിച്ചിരുന്നു. അപ്പീൽ അധികാരി രാജാവ് തന്നെയായിരുന്നു. ചെറിയ കുറ്റങ്ങളും തൊഴിൽപരമായ പ്രശ്നങ്ങളും ഗ്രാമങ്ങളിലെ കോടതികൾ തന്നെ കൈകാര്യം ചെയ്തിരുന്നു. സൈന്യത്തെ ശക്തിപ്പെടുത്താനായി അമരനായക സംവിധാനം നടപ്പിലാക്കി

വിജയനഗരത്തിലെ ഭരണസംവിധാനത്തിൽ സൈനികമേധാവികൾ അറിയപ്പെട്ടിരുന്നത്..?

# അമരനായകന്മാർ

# എന്താണ് അമരനായക സമ്പ്രദായം?

വിജയനഗരത്തിലെ ഭരണസംവിധാനത്തിൽ സൈനിക മേധാവികൾക്ക് (അമരനായകന്മാർ) പ്രദേശങ്ങൾ (അമര) അനുവദിച്ചു നൽകിയിരുന്നു.ഈ പ്രദേശങ്ങളുടെ നികുതി പിരിക്കുന്നതിനുള്ള അവകാശം അമരനായകർക്കായിരുന്നു.അമരനായകർ രാജാവിന് ഒരു നിശ്ചിത തുക നൽകിയിരുന്നു ഇവർ ഒരു നിശ്ചിത എണ്ണം കാലാളുകൾ കുതിരകൾ ആനകൾ എന്നിവ നിലനിർത്തിയിരുന്നു ഈ വ്യവസ്ഥയെ അമരനായക സംവിധാനം എന്നാണ് വിളിച്ചിരുന്നത്.

# ഓർമയിൽ സൂക്ഷിക്കാം

1520 ൽ
കൃഷ്ണദേവരായരും
ഇസ്മായിൽ ആദിൽ
ഷായും തമ്മിൽ നടന്ന
യുദ്ധമാണ് റെയ്ച്ചൂർ
യുദ്ധം



മാൻസബ്ദാരി- അമരനായക സമ്പ്രദായങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക

| മാൻസബ്ദാരി | അമരനായക |
|---|---|
| മാൻസബ് | അമര |
| മാൻസബ്ദാരിമാർക്ക് ഭൂമി പതിച്ചു നൽകിയിരുന്നു | അമരനായകന്മാർക്ക് ഭൂമിപതിച്ചു നൽകിയിരുന്നു |
| മാൻസബ്ദാർമാർക്ക് നികുതി പിരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു | അമരനായകന്മാർക്ക് നികുതി പിരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു |
| മാൻസബ്ദാർമാരുടെ കീഴിൽ കുതിരകളെയും സൈന്യത്തെയും നിലനിർത്തിയിരുന്നു | അമരനായകന്മാരുടെ കീഴിൽ സൈന്യത്തെയും കുതിരകളെയും നിലനിർത്തിയിരുന്നു |
| മാൻസബ്ദാർമാർ രാജാക്കന്മാർക്ക് കരം കൊടുത്തിരുന്നു | അമരനായകന്മാർ രാജാവിന് കരം കൊടുത്തിരുന്നു |

സാമൂഹ്യ - സാമ്പത്തിക സ്ഥിതി, സാംസ്കാരികം


പേജ് 20,21,22,23 വായന

ഗ്രൂപ്പുകളായി തിരിഞ്ഞ് ചോദ്യോത്തരപ്പയറ്റ്

## സാമൂഹ്യ-സാമ്പത്തിക സ്ഥിതി

വിവിധ ജാതി-മത വിഭാഗങ്ങൾ ഉൾപ്പെട്ടതായിരുന്നു വിജയനഗര സമൂഹം. ബ്രാഹ്മണർക്കായിരുന്നു സമൂഹത്തിൽ മേധാവിത്വം ഉണ്ടായിരുന്നത്. ക്ഷേത്രങ്ങൾക്ക് അനുവദിച്ചിരുന്ന ഭൂമിയിൽ നിന്നുള്ള വരുമാനം ഇവർക്ക് അവകാശപ്പെട്ടതായിരുന്നു. ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങൾ, മതപരമായ ചടങ്ങുകൾ തുടങ്ങിയവയ്ക്ക് നേതൃത്വം നൽകിയിരുന്നത് ബ്രാഹ്മണരായിരുന്നു. സമൂഹത്തിലെ മറ്റു വിഭാഗങ്ങൾ കൃഷി, കച്ചവടം, കൈത്തൊഴിലുകൾ തുടങ്ങിയ മേഖലകളിലാണ് മുഖ്യമായും ഏർപ്പെട്ടിരുന്നത്. രാജകൊട്ടാരത്തിൽ രാജകീയ കണക്കുകൾ തയ്യാറാക്കാനും പൂന്തോട്ടം അലങ്കരിക്കാനും രാജാക്കന്മാർ സ്ത്രീകളുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. സമ്പന്നരുടെ ഇടയിൽ ബഹുഭാര്യാത്വം നിലനിന്നിരുന്നു. ശൈശവവിവാഹം, സതിസമ്പ്രദായം എന്നിവയും സമൂഹത്തിൽ കാണപ്പെട്ടിരുന്നു.

‘മുന്നോട്ടുപോകുമ്പോൾ നിങ്ങളുടെ മുമ്പിൽ വിശാലവും മനോഹരവുമായ ഒരു തെരുവ് ഉണ്ട്... ഈ തെരുവിൽ നിരവധി വ്യാപാരികൾ ജീവിക്കുന്നു. അവിടെ നിങ്ങൾക്ക് മാണിക്യക്കല്ലുകളും മരതകങ്ങളും പവിഴങ്ങളും മുത്തുകളും തുണിത്തരങ്ങളും വില്പനയ്ക്ക് വച്ചിരിക്കുന്നത് കാണാം... അവിടെ കുതിരകൾ, ഓറഞ്ച്, മുന്തിരി, തടി... തുടങ്ങിയവയെല്ലാം വിൽക്കുന്നു.’



- ഡൊമിംഗോ പയസ്

(വിജയനഗരം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി)

വിജയനഗരത്തിന്റെ പ്രൗഢി ആ രാജ്യം സന്ദർശിച്ച ഒട്ടേറെ സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. സിൽക്ക്, പരുത്തി വസ്ത്രങ്ങളാണ് സാധാരണയായി ഉപയോഗിച്ചിരുന്നത്. വിജയനഗരത്തിന്റെ ചുറ്റുമുള്ള വരണ്ടുകിടക്കുന്ന പ്രദേശങ്ങളെ ജലസേചനയോഗ്യമാക്കി. 15-ാം നൂറ്റാണ്ടിൽ നിർമ്മിച്ച കമലാപുരംകുളവും ഹിരിയകനാലും തുംഗഭദ്ര നദിക്ക് കുറുകെ കെട്ടിയ അണക്കെട്ടും കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തി.

ഭൂമി സർവ്വേ ചെയ്ത് ഗുണനിലവാരമനുസരിച്ച് നികുതി നിശ്ചയിച്ചിരുന്നു. ഭൂനികുതിക്ക് പുറമേ തൊഴിൽ നികുതി, വീട്ടു നികുതി, വിവിധതരത്തിലുള്ള ലൈസൻസ് ഫീസുകൾ, കോടതിശിക്ഷ അനുസരിച്ചുള്ള പിഴകൾ എന്നിവയായിരുന്നു ഗവൺമെന്റിന്റെ പ്രധാന വരുമാന മാർഗങ്ങൾ.

വിജയനഗരം ഒരു വലിയ വ്യാപാര കേന്ദ്രമായി വികാസം പ്രാപിച്ചു. ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ നിന്നും വ്യാപാരികൾ പേരുകേട്ട വിജയനഗരത്തിൽ എത്തിച്ചേർന്നിരുന്നു. ഭരണാധികാരികൾ വിദേശ വ്യാപാരത്തിന് വളരെയേറെ പ്രോത്സാഹനം നൽകി. പോർച്ചുഗീസുകാർക്കും, അറബികൾക്കുമായിരുന്നു വിദേശ വ്യാപാരത്തിന്റെ കുത്തക ഉണ്ടായിരുന്നത്. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളുമായും വ്യാപാരം നടന്നിരുന്നു.

അറേബ്യ, മധ്യേഷ്യ എന്നിവിടങ്ങളിൽ നിന്നും കൊണ്ടുവന്നിരുന്ന കുതിരകളുടെ കച്ചവടം പ്രധാനമായും നടത്തിയിരുന്നത് അറബികളായിരുന്നു. കുതിരകൾ കച്ചവടത്തിലെ ഒരു പ്രധാന ഇനമായിരുന്നു. കുതിരക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്ന പ്രാദേശിക കച്ചവടക്കാർ 'കുതിരച്ചെട്ടികൾ' എന്നറിയപ്പെട്ടു. കാലക്രമേണ അറബികളെ പിന്തള്ളി പോർച്ചുഗീസുകാർ ഈ കച്ചവടത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. വ്യാപാരത്തിൽ നിന്നുള്ള വരുമാനം രാഷ്ട്രത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തി. നഗരത്തിൽ നിന്നും ലഭിച്ച ചൈനീസ് മൺപാത്രങ്ങൾ ചൈനയുമായുള്ള കച്ചവടബന്ധത്തെ സൂചിപ്പിക്കുന്നു.

വിജയനഗരം സന്ദർശിച്ച ഡോമിംഗോ പയസ് ഏത് രാജ്യക്കാരനാണ്?

# പോർച്ചുഗീസ്

# ഓർമയിൽ സൂക്ഷിക്കാം

## വിജയനഗരം സന്ദർശിച്ച സഞ്ചാരികൾ

| ഇബ്നു ബത്തൂത്ത | ഹരിഹരൻ ഒന്നാമൻ | മൊറോക്കൻ |
|---|---|---|
| നിക്കോളോ കോണ്ടി | ദേവനാരായ ഒന്നാമൻ | ഇറ്റാലിയൻ |
| അക്തനേഷ്യസ് നികേതൻ | ദേവരായ ഒന്നാമൻ | റഷ്യൻ സഞ്ചാരി |
| അബ്ദുൽ റസാഖ് | ദേവരായ  രണ്ടാമൻ | പേർഷ്യൻ |
| ഡോമിംഗോ പയസ് | കൃഷ്ണദേവരായർ | പോർച്ചുഗീസ് |
| ബാർബോസ | കൃഷ്ണദേവരായർ | പോർച്ചുഗീസ് |

വിജയനഗരത്തിലെ പ്രധാന തൊഴിൽ എന്ത്?

# കൃഷി

കൃഷിയുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

കൃഷിപ്രോത്സാഹിപ്പിക്കുന്നതിനായി അണക്കെട്ടുകൾ ഉൾപ്പെടെ സജ്ജീകരിച്ചിരുന്നു. ഭൂമി ഗുണനിലവാരം അനുസരിച്ച് സർവ്വേ ചെയ്തിരുന്നു.

വ്യാപാര ബന്ധം ഏതൊക്കെ വിദേശ രാജ്യങ്ങളുമായിട്ടായിരുന്നു?

പോർച്ചുഗീസുകാർക്കും അറബികൾക്കുമായിരുന്നു വിദേശ വ്യാപാരത്തിന്റെ കുത്തക.കൂടാതെ ചൈന,ശ്രീലങ്ക എന്നിവരുമായും വ്യാപാര ബന്ധം ഉണ്ടായിരുന്നു

വിജയനഗര കാലഘട്ടത്തിൽ ഗവണ്മെന്റിന്റെ പ്രധാന വരുമാന മാർഗങ്ങൾ എന്തെല്ലാം?

ഭൂനികുതി കൂടാതെ തൊഴിൽ നികുതി,വീട്ടു നികുതി,ലൈസൻസ് ഫീ,കോടതി പിഴകൾ എന്നിങ്ങനെ വിവിധ നികുതികൾ

ഈ ക്ഷേത്രങ്ങൾ ഏതാണെന്ന് അറിയാമോ?



# ഈ ക്ഷേത്രങ്ങൾ ഏതാണെന്ന് അറിയാമോ?



ഈ ക്ഷേത്രങ്ങൾ ഏതാണെന്ന് അറിയാമോ?



# ഈ ക്ഷേത്രങ്ങൾ ഏതാണെന്ന് അറിയാമോ?



ഗ്രൂപ്പ് 4- സാംസ്കാരികം

അവതരണം

വിജയനഗര കാലഘട്ടത്തിൽ നിർമിച്ച പ്രധാന ക്ഷേത്രങ്ങൾ ഏതെല്ലാം?

# *ഹസാര രാമക്ഷേത്രം*

എ ഡി 1513 ൽ ദേവരായ രണ്ടാമനാണ് ഈ ക്ഷേത്രം നിർമ്മിച്ചത് .
ക്ഷേത്രത്തിലുടനീളം നിരവധി ലിഖിതങ്ങളിൽ കൊത്തിയെടുത്ത അവതാരങ്ങൾ കാണാം
15-)0 നൂറ്റാണ്ടിലെ ലോക പൈതൃക സ്മാരകമാണ് ഇത്.

രാമായണ കഥ കല്ലിൽ കൊത്തിയെടുത്തതാണ്



## വിത്തല സ്വാമിക്ഷേത്രം

ഹംപിയിലെ ഏറ്റവും വലുതും പ്രശസ്തവുമായ നിർമിതികളിൽ ഒന്ന്.

തുംഗഭദ്ര നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു.

ദേവരായ രണ്ടാമന്റെ കാലത്താണ് ഇത് നിർമ്മിച്ചത്



# വിരൂപാക്ഷ ക്ഷേത്രം

ഹംപിയിലെ പ്രധാന തീർത്ഥാടന കേന്ദ്രം.

ക്ഷേത്രത്തിലെ പ്രധാന രൂപം ത്രികോണാകൃതിയിലാണ്.



# ലോട്ടസ് മഹൽ

വിജയനഗര ശൈലിയിലുള്ള വാസ്തുവിദ്യയുടെ ഉദാഹരണം.

അവശിഷ്ടങ്ങൾ കൊണ്ട് നിർമ്മിച്ചതും നന്നായി പ്ലാസ്റ്ററിട്ടതുമായ രണ്ടു നില കെട്ടിടം.



വിജയനഗര ശില്പ കലയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം?

ദ്രാവിഡ ശില്പ രീതിയാണ് കൂടുതലും പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ഗോപുരങ്ങൾ എന്നറിയപ്പെടുന്ന ഭീമാകാരങ്ങളായ ക്ഷേത്ര കവാടങ്ങളാണ് മറ്റൊരു പ്രത്യേകത.

വിജയനഗര കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വികാസം പ്രാപിച്ച സാഹിത്യം ഏത്?

# തെലുങ്ക്

കൃഷ്ണദേവരായ
വീഡിയോ

## മുഗൾ - വിജയനഗര ഭരണസമ്പ്രദായങ്ങളുടെ പൊതുസവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.

| മുഗൾഭരണം | വിജയനഗരഭരണം |
|---|---|
| • രാജവാഴ്ച | • രാജവാഴ്ച |
| • | • |
| • | • |
| • | • |
| • | • |

| മുഗൾ ഭരണം | വിജയനഗര ഭരണം |
|---|---|
| രാജവാഴ്ച | രാജവാഴ്ച |
| മാൻസബ്ദാരി | അമരനായക സമ്പ്രദായം |
| മതസഹിഷ്ണുത | മതസഹിഷ്ണുത |
| ഉറുദു ഭാഷയുടെ വികാസം | സംസ്കൃത ഭാഷയുടെ വികാസം |
| ഇൻഡോ പേർഷ്യൻ നിർമ്മാണ ശൈലി | ദ്രാവിഡ നിർമ്മാണ ശൈലി |

# പ്രവർത്തനക്കാർഡ് -6
# വ്യക്തിഗതമായി ചെയ്യൽ

CLASS :7
SOCIAL SCIENCE

## പ്രവർത്തനക്കാർഡ് -6

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

**ചോദ്യങ്ങൾ നിർമ്മിക്കാം**

തെക്കേ ഇന്ത്യയിലെ ഡെക്കാൻ പ്രദേശത്ത് പതിനാലു മുതൽ പതിനാറ് ശതകങ്ങളിൽ നിലനിന്നിരുന്ന സാമ്രാജ്യമായിരുന്ന വിജയനഗര സാമ്രാജ്യം.വിജയനഗരം എന്നത് തലസ്ഥാനത്തിന്റെയും സാമ്രാജ്യത്തിന്റെയും പേരായിരുന്നു. ഇന്നത്തെ കർണ്ണാടകത്തിലെ ഹംപിയിലാണ് വിജയനഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാൻ സാധിക്കുന്നത്. യുനെസ്കോയുടെ ലോക പൈതൃകങ്ങളിൽ ഒന്നാണിത്. വിജയനഗരത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിദേശ സഞ്ചാരികളാണ് ഡൊമിംഗോ പയസ്, ഫെർണോ നൂനസ്, അബ്ദുർ റസാഖ്, ഇബ്നു ബത്തൂത്ത എന്നിവർ. 1336 ൽ ഹരിഹരൻ ഒന്നാമൻ ബുക്കൻ ഒന്നാമൻ എന്നിവരാണ് വിജയ നഗരം സ്ഥാപിച്ചത്.സംഗമ,സാലുവ,തുളുവ, അരവിഡു എന്നിവയാണ് വിജയനഗരത്തിലെ രാജവംശങ്ങൾ.

**എ** ) ഈ കുറിപ്പിൽ നിന്നും സോഷ്യൽ സയൻസ് ക്ലബ്ബിൽ നടത്താൻ പോകുന്ന ക്വിസ് മത്സരത്തിൽ ഉൾപ്പെടുത്താവുന്ന അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കൂ...

1. വിജയനഗര സാമ്രാജ്യം സ്ഥാപിച്ചതാര്?
2. 
3. 
4. 
5. 

**ബി** ) മുഗൾ- വിജയനഗര ഭരണസമ്പ്രദായങ്ങളുടെ പൊതുസവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കൂ.......

| **മുഗൾ ഭരണം** | **വിജയനഗര ഭരണം** |
|---|---|
| രാജവാഴ്ച | രാജവാഴ്ച |
| | |
| | |
| | |
| | |

## തുടർപ്രവർത്തനം

വിജയനഗര ഭരണകാലത്തെ സാംസ്കാരിക സംഭാവനകൾ സംബന്ധിച്ച ചിത്രങ്ങൾ ശേഖരിച്ച് ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ...

## <u>*തുടർപ്രവർത്തനം*</u>

അക്ബർ - കൃഷ്ണദേവരായർ എന്നിവരുടെ കാലഘട്ടത്തിൽ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ മാതൃകപരമായിരുന്നു. തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഇവരുടെ സംഭാവനകൾ താരതമ്യം ചെയ്ത് സെമിനാർ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കൂ...

സൂചനകൾ

* ഭരണരീതി
* സംസ്കാരം
* സമ്പത്ത്
* നീതിന്യായം



ചന്ദ്രിക

ഇന്ന് അധ്യാപക ദിനം; തിരിച്ചറിവിന്റെ വഴികളുമായി അരുത്

# അധ്യാപനത്തിൽ വ്യത്യസ്ത രീതിയുമായി സൗമ്യേന്ദ്രൻ

സൗമ്യേന്ദ്രൻ ബോധവൽക്കരണ ക്ലാസിൽ

Kannur Edition
5 Sep, 2019 Page No. 8
Powered by : erelego.com



# അധ്യാപനത്തിന്റെ നൂതന പാഠങ്ങളുമായി സാമൂഹ്യശാസ്ത്ര അധ്യാപകൻ സൗമ്യേന്ദ്രൻ കണ്ണംവെള്ളി

പി.പി. രാമചന്ദ്രൻ



# സൈബർലോകത്തെ തിരിച്ചറിവിന്റെ പാഠങ്ങൾ

***Prepared by***

**Soumyendran Kannamvelly,**

**G.T.U.P.S.Kannavam,KNR.**

***96 05 04 29 37***



# സൈബർ ലോകത്തെ ചതിക്കുഴികൾ: ബോധവത്കരണവുമായി അധ്യാപകൻ



ഇന്ന് അധ്യാപക ദിനം

# 'മാഷ് മുന്നിലുണ്ട് നമ്മളെ മുന്നിലെത്തിക്കാൻ......'

കണ്ണവം കോളനിയിലെ 67 പേർക്ക് ഓൺലൈൻ പിഎസ്‌സി പരിശീലനവുമായി അധ്യാപകൻ



# ഓൺലൈൻ ലളിതമാക്കാം

